www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 04 | 2017 FEBRUARY 04 | ₹ 10

# കപടദേശീയത ഉയർത്തുന്ന വെല്ലുവിളികൾ



യു. എ. ഇയും ഇന്ത്യൻ റിപ്പബ്ലിക്കും / തീവ്രവാദത്തിന്റെ കടന്നുവരവ്

അവർക്ക് ദൈവത്തെ കാണണമത്രെ ! / വിശ്വാസത്തിന്റെ ഏറ്റക്കുറവ്

Antiterrorism Awakening

EMPOWER campus chapter



to the right goal...
through the right path...

# MSM PROFCON

PROFESSIONAL STUDENTS

## GLOBAL CONFERENCE

2017 MARCH 10,11,12

**PALAKKAD**

WISDOM
GLOBAL ISLAMIC MISSION

MSM KERALA
www.msmkerala.co.in
+91 96330 14375

നേർപഥം
വാരിക
0004 / 2017 ഫെബ്രുവരി 04 / 1438 ജമാദുൽ അവ്വൽ 09 / പുസ്തകം 01 / ലക്കം 04

10
## കപടദേശീയത ഉയർത്തുന്ന വെല്ലുവിളികൾ
എസ്.എ റിയാദ്

**മുഖമൊഴി**
മതപ്രബോധകർ മാതൃകായോഗ്യരാകണം / 05
എഡിറ്റർ

**ബാലപഥം**
അബ്ദുല്ലക്ക് പറ്റിയ അബദ്ധം / 18
അബൂ തൻവീൽ

നാഥനെക്കുറിച്ച്... / 19
ഹാരിസ്

**കാഴ്ച**
തോറ്റ കേസും ജയിച്ച മനസ്സാക്ഷിയും / 09
ഇബ്നു അലി എടത്തനാട്ടുകര

**ചരിത്രപഥം**
വെളിച്ചം കടന്നുവന്ന വഴി / 13
അബ്ദുൽ ജബ്ബാർ അബ്ദുല്ല

**ശാന്തിഗേഹം**
ഭർതൃമാതാവിൽ നിന്ന് പീഡനം / 29
ഹാരിസ് ബിൻ സലീം

**ലേഖനങ്ങൾ**
അവർക്ക് ദൈവത്തെ കാണണമത്രെ! / 06
അബ്ദുല്ല ബാസിൽ സി.പി

വംശഹത്യയിലേക്ക് നയിച്ച സൈനിക നടപടികൾ / 15
ഡോ. ശബീൽ പി.എൻ

വിശ്വാസത്തിന്റെ ഏറ്റക്കുറവ് / 20
ഫദ്ലുൽ ഹഖ് ഉമരി

തീവ്രവാദത്തിന്റെ കടന്നുവരവ് / 23
അൻവർ അബൂബക്കർ

തിരിച്ചറിയുക നാം ഈ അനുഗ്രഹങ്ങളെ / 26
ശബീബ് സ്വലാഹി തിരൂരങ്ങാടി

**പാരന്റിംഗ്**
മക്കൾ ഒരു ഇസ്‌ലാമിക വായന / 30
അഷ്റഫ് എകരൂൽ

**നമുക്ക് ചുറ്റും**
യു.എ.ഇയും ഇന്ത്യൻ റിപ്പബ്ലിക്കും / 32
ഡോ. സി.എം സാബിർ നവാസ്

**ക്വുർആൻ പാഠം**
ഉറക്കം: ദൃഷ്ടാന്തവും അനുഗ്രഹവും / 34
ശമീർ മദീനി

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Managing Editor: Nasir Balusseri | Editor: Usman Palakkazhi
Chief Editor: Anil Primrose | Web Editor: Haseeb Elayur | Design & Layout: Elan Creativo
Cover: Riyas Kuriyodath | mail@nerpatham.com | www.nerpatham.com

## വായനക്കാർ എഴുതുന്നു




# ട്രംപിന്റെ ട്രാപ്പ്

അഭയാർഥികൾ അമേരിക്കയിൽ പ്രവേശിക്കുന്നതിന് നാലുമാസത്തെ വിലക്കും ഇറാൻ, ഇറാഖ്, ലിബിയ, സോമാലിയ, സുഡാൻ, സിറിയ, യമൻ തുടങ്ങിയ മുസ്‌ലിം ഭരിപക്ഷ നാടുകളിൽനിന്നുള്ള സന്ദർശകർക്ക് മൂന്നുമാസത്തെ താൽക്കാലിക വിലക്കും ഏർപെടുത്തിക്കൊണ്ട് അമേരിക്കയുടെ പുതിയ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഉത്തരവിട്ടത് ലോകത്തെ ഞെട്ടിച്ചിരിക്കുകയാണ്. ഇതിനിടെ, അഭയാർഥികളെയും വിസ ഉള്ളവരെയും പുറത്താക്കുന്നതിൽനിന്ന് അധികൃതരെ ന്യൂയോർക്കിലെ യുഎസ് ജില്ലാ ജഡ്ജി താൽക്കാലികമായി വിലക്കിയിട്ടുണ്ടെങ്കിലും ട്രംപ് തന്റെ തീരമാനത്തിൽ ഉറച്ചുനിൽക്കുകയാണ്.

സിറിയൻ അഭയാർഥികൾക്ക് അനിശ്ചിത കാലത്തേക്കാണ് വിലക്ക്. അതേസമയം മതപീഡനം മൂലം മറ്റു രാജ്യങ്ങളിൽനിന്ന് പോരേണ്ടിവരുന്ന ന്യൂനപക്ഷങ്ങൾക്ക് മുൻഗണന നൽകുമെന്നും ട്രംപിന്റെ ഉത്തരവിലുണ്ട്. ഇത് സിറിയയിൽനിന്ന് പലായനം ചെയ്യുന്ന ക്രൈസ്തവരെ ഉദ്ദേശിച്ചാണെന്ന് പിന്നീട് ടി.വി അഭിമുഖത്തിൽ ട്രംപ് വ്യക്തമാക്കിയിട്ടുമുണ്ട്.

ലോകത്ത് അസമാധാനം നിലനിൽക്കുകയെന്നത് സാമ്രാജ്യത്വത്തിന്റെ എക്കാലത്തെയും ആവശ്യമാണ്. അതിൽ അമേരിക്കക്ക് പ്രത്യേക താൽപര്യം ഉണ്ടെന്നത് ഒരു യാഥാർഥ്യം മാത്രം. ലോക ആയുധ വ്യാപാരത്തിൻ ഒന്നാം സ്ഥാനം അവർക്കാണല്ലോ ഉള്ളത്.

അമേരിക്കയിൽ നിന്നും ആയുധങ്ങൾ വാങ്ങുന്നത് പ്രധാനമായും മിഡിൽ ഈസ്റ്റ് രാജ്യങ്ങളാണ്. ഈ രാജ്യങ്ങളിൽ അസമാധാനം നിലനിൽക്കുക എന്നത് അമേരിക്കയുടെ സമ്പദ് ഘടനക്ക് അത്യാവശ്യമാണ്. അഭയാർഥികൾ പ്രശ്ന ബാധിത പ്രദേശങ്ങളിൽ നിന്ന് ഒഴിഞ്ഞുപോയാൽ അത് ആയുധക്കച്ചവടത്തെ തെല്ലൊന്നുമല്ല ബാധിക്കുക. അതിനാൽ ട്രംപ് ഇങ്ങനെയൊരു ഉത്തരവ് ഇറക്കിയില്ലെങ്കിലേ അത്ഭുതമുള്ളൂ.

ലോകത്ത് തീവ്രവാദത്തിന് ആയുധവും പണവും പരിശീലനവും നൽകുന്ന അമേരിക്ക പുതിയ ഉത്തരവിലൂടെ ലോകജനതയെ വീണ്ടും വിഡ്ഢികളാക്കൻ ശ്രമിക്കുകയാണ്.

വിവിധ രാജ്യങ്ങളിൽ നിന്നുള്ള അഭയാർഥികളിൽ 39% വും കഴിയുന്നത് അറബ് രാഷ്ട്രങ്ങളിലാണെന്ന വസ്തുത നാം ഓർക്കേണ്ടതുണ്ട്.

2.5 മില്യൻ സിറിയൻ അഭയാർഥികളെ സ്വീകരിക്കുകയും അവർക്കാവശ്യമായ പാർപ്പിട, വിദ്യഭ്യാസ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തത് സൗദി അറേബ്യയാണ്. യെമൻ അടക്കമുള്ള രാജ്യങ്ങളിൽ നിന്നും എത്തിയവർക്ക് താമസ രേഖകൾ അടക്കം നൽകി സൗദി പൗരന്മാരെ പോലെ ജീവിക്കാനുള്ള സാഹചര്യവും അവർ ഒരുക്കിയിട്ടുണ്ട്. പക്ഷേ, ഇതൊന്നും ലോകത്ത് വാർത്തയാകുന്നില്ല. 'അവർ അഭയാർഥികളല്ല, നമ്മുടെ സഹോദരങ്ങളാണ്' എന്ന സൽമാൻ രാജാവിന്റെ പ്രസ്താവന മനസ്സാക്ഷിയുള്ള ഭരണാധികാരിയുടെ വാക്കുകളാണ്.

മുസ്‌ലിം രാജ്യങ്ങളിൽനിന്നുള്ള സന്ദർശകർക്ക് വിലക്കേർപ്പെടുത്തിയ ട്രംപിന്റെ നടപടിക്കു പിന്നിൽ ഒരു കെണി ഒളിഞ്ഞിരിപ്പുണ്ടെന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. ആ രാജ്യങ്ങളിൽനിന്ന് പ്രതിഷേധമുയരും. അതിന്റെ മറവിൽ അക്രമങ്ങൾ അരങ്ങേറും. അതൊരുപക്ഷേ, സി.ഐ.എയുടെ അറിവോടെയുള്ള ഭീകരാക്രമണമായേക്കാം. അതിൽപിടിച്ചു കയറി തന്റെ നിലപാട് ശരിയാണെന്ന് സ്ഥാപിക്കാൻട്രംപിന് എളുപ്പമാകും.

ഏകാധിപതിയും തികഞ്ഞ കോർപ്പറേറ്റുമായ ട്രംപിൽ നിന്നും സ്വലാഭത്തിനു വേണ്ടിയുള്ള നിക്കങ്ങൾക്കപ്പുറം മറ്റെന്തെങ്കിലും പ്രതീക്ഷിക്കുന്നത് മൗഢ്യമാണ്.

**-നബീൽ പയ്യോളി**

# കുറവിലെ കുറവില്ലായ്മ

'നേർപഥം' കെട്ടിലും മട്ടിലും നന്നായിട്ടുണ്ട്. പേജുകളുടെ എണ്ണം കുറവാണ് എന്ന ഒരു കുറവുണ്ടെങ്കിലും വാരികയായതിനാൽ അടുത്തലക്കം എത്തുന്നതിനു മുമ്പ് വായിച്ചു തീർക്കാൻ ഈ കുറവ് നന്നായി എന്നാണ് എന്റെ അഭിപ്രായം. കുട്ടികളെ നന്മയുടെ മാർഗത്തിൽ നയിക്കാൻ സഹായിക്കുന്ന 'ബാലപഥം' പംക്തി 'നേർപഥ'ത്തിന്റെ സവിശേഷതയായി കാണുന്നു. വൈവിധ്യമാർന്ന വിഭവങ്ങളുമായി എത്തുന്നത് കാത്തിരിക്കുന്നു.

**-മുഹമ്മദ് ഫർഹാൻ, ആലുവ**

മുഖമൊഴി

# മതപ്രബോധകർ മാതൃകായോഗ്യരാകണം

**ആ**ദം നബിﷺ മുതൽ വ്യത്യസ്ത കാലങ്ങളിൽ വിവിധങ്ങളായ പ്രദേശങ്ങളിലേക്ക് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചത് അവന്റെ മതം പ്രബോധനം ചെയ്യുവാനാണ്. അന്തിമ പ്രവാചകനിലൂടെ പ്രവാചകത്വം അവസാനിച്ചു. എന്നാൽ ഇസ്‌ലാമിക പ്രബോധനം അവസാനിച്ചിട്ടില്ല. അവസാനിപ്പിക്കുവാനും പാടില്ല. ആ ദൗത്യം നിർവഹിക്കൽ അല്ലാഹുവും അവന്റെ ദൂതനും മുസ്‌ലിം സമുദായത്തിന്റെ ബാധ്യതയാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കർമം നിർവഹിക്കുന്നവർ ഏറ്റവും നല്ല വാക്കു പറയുന്നവരാണെന്ന് ക്വുർആൻ സന്തോഷവാർത്ത അറിയിക്കുന്നുണ്ട്.

"അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്" (41:33).

മഹത്തായ കർമം, വമ്പിച്ച പ്രതിഫലം ലഭിക്കുന്ന കാര്യം. ഇങ്ങനെയുള്ള മതപ്രബോധനം ആളുകളുടെ പ്രശംസ ലഭിക്കുവാനും സ്ഥാനമാനങ്ങളും മറ്റു ഭൗതിക നേട്ടങ്ങളും സ്വായത്തമാക്കുവാനുമാണ് ഒരാൾ ചെയ്യുന്നതെങ്കിൽ, അല്ലാഹുവിൽനിന്നുള്ള പ്രതിഫലം ആഗ്രഹിക്കാതെയാണെങ്കിൽ അയാൾ നഷ്ടക്കാരിൽ പെട്ടുപോകുമെന്നതിൽ സംശയമില്ല. 'നിശ്ചയമായും കർമങ്ങൾ സ്വീകരിക്കപ്പെടുന്നത് ഉദ്ദേശ്യമനുസരിച്ചാണ്. ഓരോരുത്തർക്കും അവരവർ ഉദ്ദേശിച്ചത് ലഭിക്കും' എന്ന പ്രവാചക വചനം ഇതാണ് പഠിപ്പിക്കുന്നത്.

ജനങ്ങൾ സന്മാർഗത്തിലേക്ക് കടന്നുവരണം. സ്വർഗാവകാശികളായിത്തീരണം. നരകത്തിൽ നിന്ന് രക്ഷപ്പെടണം. ഇതാണല്ലോ പ്രബോധനത്തിന്റെ താൽപര്യം. തികച്ചും ഗുണകാംക്ഷാനിർഭരമായ കാര്യം.

എന്നാൽ പ്രബോധകൻ തന്റെയോ തന്റെ സംഘടനയുടെയോ ഭൗതിക ഗുണംമാത്രം കാംക്ഷിക്കുന്നവനായാൽ ചിത്രം മാറും. അയാൾക്ക് പ്രമാണങ്ങളെ വളച്ചൊടിക്കേണ്ടിവരും. പ്രമാണവിരുദ്ധമായ കാര്യങ്ങളെ പ്രമാണങ്ങളായി അവതരിപ്പിക്കേണ്ടിവരും. സംഘടനാതാൽപര്യങ്ങൾക്കനുസരിച്ച് അജണ്ടകൾ നിർമിച്ച് അതിനനുസരിച്ച് പ്രമാണങ്ങളെ വ്യാഖ്യാനിക്കേണ്ടി വരും. ഫലത്തിൽ വികലമായ ഇസ്‌ലാമിനെയായിരിക്കും അവർ പരിചയപ്പെടുത്തുന്നത്.

ആദർശ സംരക്ഷണത്തിനാണ് സംഘടനയെങ്കിൽ പ്രമാണങ്ങളെ വളച്ചൊടിക്കേണ്ടിവരില്ല. പ്രമാണങ്ങളാൽ സ്ഥിരപ്പെട്ട കാര്യങ്ങളെ അവഗണിക്കേണ്ടിവരില്ല. അബദ്ധങ്ങൾ തിരുത്തിപ്പറയാൻ പ്രയാസമുണ്ടാകില്ല.


മരണത്തിന്റെ ഭീകരതയെപ്പറ്റിയും ക്വബ്‌റിലെ ഭയാനകതയെക്കുറിച്ചും നരകത്തീയിന്റെ കാഠിന്യത്തെ സംബന്ധിച്ചും പറഞ്ഞ് ജനങ്ങളെ കരയിപ്പിക്കുകയും ഭയഭക്തിയോടെ ജീവിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന, ജനങ്ങൾ മഹാപണ്ഡിതന്മാരായിക്കരുതുന്ന പ്രബോധകന്മാർ തീരെ ഭയഭക്തിയില്ലാതെ, പറയുന്ന കാര്യങ്ങൾ സ്വജീവിതത്തിൽ ഒട്ടും പകർത്താതെയും ഇസ്‌ലാമിക മൂല്യങ്ങൾക്ക് വില കൽപിക്കാതെയും ജീവിച്ചാൽ ജനങ്ങൾ അവരെ വെറുക്കുമെന്ന് മാത്രമല്ല ഇസ്‌ലാമിന്റെ പ്രായോഗികതയിൽ സംശയമുള്ളവരായിത്തീരുകയും ചെയ്യും.

അതുകൊണ്ടുതന്നെ നന്മ കല്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന പ്രബോധകൻ സ്വജീവിതത്തിൽ നന്മകൾ ഉൾക്കൊണ്ടും തിന്മകൾ വെടിഞ്ഞും മറ്റുള്ളവർക്ക് മാതൃകയാവേണ്ടതുണ്ട്. സകല പ്രവാചകന്മാരുടെയും പ്രകടമായ സവിശേഷതയായി നമുക്ക് അത് കാണാവുന്നതാണ്. അല്ലാഹു പറയുന്നു:

"അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ, നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? ഞാൻ എൻെറ രക്ഷിതാവിങ്കൽനിന്നുള്ള വ്യക്തമായ തെളിവിനെ അവലംബിക്കുന്നവനായിരിക്കുകയും അവൻ എനിക്ക് അവൻെറ വകയായി ഉത്തമമായ ഉപജീവനം നൽകിയിരിക്കുകയുമാണെങ്കിൽ (എനിക്കെങ്ങനെ സത്യം മറച്ചുവെക്കാൻ കഴിയും?). നിങ്ങളെ ഞാൻ ഒരു കാര്യത്തിൽനിന്ന് വിലക്കുകയും, എന്നിട്ട് നിങ്ങളിൽനിന്ന് വ്യത്യസ്തനായിക്കൊണ്ട് ഞാൻ തന്നെ അത് പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഉദ്ദേശിക്കുന്നുമില്ല. എനിക്ക് സാധ്യമായ നന്മവരുത്താനല്ലാതെ മറ്റൊന്നും ഞാനുദ്ദേശിക്കുന്നില്ല. അല്ലാഹു മുഖേന മാത്രമാണ് എനിക്ക് (അതിന്) ഉതവി ലഭിക്കുന്നത്. അവന്റെമേലാണ് ഞാൻ ഭരമേല്പിച്ചിരിക്കുന്നത്. അവനിലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു" (11:88).

നന്മകൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യൽ 'എല്ലാംതികഞ്ഞ' പണ്ഡിതന്മാരുടെ മാത്രം കടമയല്ല എന്നാണ് ക്വുർആനും ഹദീഥും അറിയിക്കുന്നത്:

"കാലംതന്നെയാണ് സത്യം. തീർച്ചയായും മനുഷ്യർ നഷ്ടത്തിൽ തന്നെയാകുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവൃത്തിക്കുകയും സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ" (103:1-3).



# അവർക്ക് ദൈവത്തെ കാണണമത്രെ!

അബ്ദുല്ല ബാസിൽ സി.പി
basilcpknr@gmail.com

'എന്നെ സംബന്ധിച്ചിടത്തോളം ശാസ്ത്രമാണ് അവസാന വാക്ക്. ശാസ്ത്രീയമായി തെളിയിക്കപ്പെടാത്തതൊന്നും ഞാൻ അംഗീകരിക്കുകയില്ല. അത് കൊണ്ട് തന്നെയാണ് ഞാൻ ദൈവത്തിൽ വിശ്വസിക്കാത്തതും, എന്നെനിക്ക് ശാസ്ത്രം ദൈവത്തെ കാണിച്ചു തരുന്നുവോ അന്നേ ഞാൻ ദൈവത്തിൽ വിശ്വസിക്കുകയുള്ളൂ.' ഒരു യുക്തിവാദി സുഹൃത്തിന്റെ വാക്കുകളാണിവ. ശാസ്ത്രത്തിലുള്ള ജ്ഞാനവും വിനയവും കൂടിച്ചേർന്നാൽ ഒരാൾ ദൈവവിശ്വാസിയും അൽപജ്ഞാനവും അഹങ്കാരവും കൂടിച്ചേർന്നാൽ ഒരാൾ ദൈവനിഷേധിയുമാകുന്നു എന്നാരോ പറഞ്ഞതിനെ സാധൂരികരിക്കുന്ന യുക്തിവാദികളുടെ പതിവ് ക്ലീഷേ ഡയലോഗുകളിൽ ഒന്ന് മാത്രമാണിത്.

ആത്മാവ് എന്ത്?, ജീവോല്പത്തി എങ്ങനെ?, ധർമവും അധർമവും എന്ത്, എന്തിന്? ജീവിതത്തിന്റെ ലക്ഷ്യമെന്ത്? എന്ന് തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ശാസ്ത്രത്തിനാവുമോ എന്നൊന്നും ഇവരോട് ചോദിച്ചിട്ട് കാര്യമില്ല, കാരണം അതൊക്കെ യുക്തിയുപയോഗിച്ച് ചിന്തിക്കുന്നവരോട് ചോദിക്കേണ്ടുന്ന ചോദ്യങ്ങളാണ്! അഥവാ E=m-c2 എന്ന ഫോർമുലക്ക് ദ്രവ്യത്തെ പരിവർത്തിപ്പിച്ച് എത്ര മാത്രം ഊർജ്ജം ലഭിക്കുമെന്ന് മാത്രമേ പഠിപ്പിക്കാനാകൂ. ആ ഊർജ്ജം തന്റെ സഹോദരങ്ങളെ കൊന്നൊടുക്കാനും ഉപദ്രവിക്കാനും ഉപയോഗിക്കരു

**പദാർത്ഥങ്ങളെ കുറിച്ചുള്ള പഠനമാണ് ശാസ്ത്രം. പദാർത്ഥം എങ്ങനെ പെരുമാറുന്നു എന്നതാണ് ശാസ്ത്രത്തിന്റെ ചർച്ചാ മേഖല. അതിന്റെ മാർഗങ്ങളാകട്ടെ നിരീക്ഷണങ്ങളും പരീക്ഷണങ്ങളുമാണ്. എന്നിരിക്കെ പദാർത്ഥത്തിനു അതീതനായ ഒരു ശക്തിയെക്കുറിച്ച് എങ്ങനെ ശാസ്ത്രത്തിനു പറയാനാകും?**

തെന്ന വിവരം നൽകുന്നില്ല. ഈ കണ്ടുപിടിത്തമുപയോഗിച്ച് ഹിരോഷിമയിലും നാഗസാക്കിയിലും ലോകമനസ്സാക്ഷിയെ ഞെട്ടിച്ച കൊടുംക്രൂരത നടമാടിയപ്പോൾ ഐൻസ്റ്റീന് ലോകത്തോട് 'മനുഷ്യരാകൂ. മാനവികതയെ ഓർമിക്കൂ.' എന്ന് വിളിച്ചു പറയേണ്ടി വന്നതും അത് കൊണ്ട് തന്നെയാണ്. ഒരു പരീക്ഷണശാലയിലും ഈ പറഞ്ഞ 'മാനവികത'യെന്തെന്ന് ഗവേഷണം നടത്തി കണ്ടുപിടിക്കാനാവുകയുമില്ല. അതുകൊണ്ട് തന്നെ ശാസ്ത്രത്തിനപ്പുറമൊന്നുമില്ല എന്ന് പറയുന്നവർ ശാസ്ത്രമെന്തെന്നു പോലും അറിയാത്തവരാണ്.

പദാർഥങ്ങളെ കുറിച്ചുള്ള പഠനമാണ് ശാസ്ത്രം. പദാർഥം എങ്ങനെ പെരുമാറുന്നു എന്നതാണ് ശാസ്ത്രത്തിന്റെ ചർച്ചാ മേഖല. അതിന്റെ മാർഗങ്ങളാകട്ടെ നിരീക്ഷണങ്ങളും പരീക്ഷണങ്ങളുമാണ്. എന്നിരിക്കെ പദാർഥത്തിനു അതീതനായ ഒരു ശക്തിയെക്കുറിച്ച് എങ്ങനെ ശാസ്ത്രത്തിനു പറയാനാകും? ഒന്നുകൂടി ലളിതമായി പറഞ്ഞാൽ പ്രപഞ്ചത്തിനകത്തുള്ളതിനെ കുറിച്ചുള്ള, അഥവാ സൃഷ്ടികളെ കുറിച്ചുള്ള പഠനമാണ് ശാസ്ത്രം. അതിനാൽ തന്നെ പ്രപഞ്ചാതീതനായ, പദാർഥാതീതനായ, സ്രഷ്ടാവായ ദൈവത്തെ കുറിച്ച് പഠിക്കാനും അറിയാനും ശാസ്ത്രത്തിന്റെ മാർഗങ്ങൾ അപര്യാപതമാണ്. എത്ര തന്നെ ശാസ്ത്രം മുന്നോട്ടു പോയാലും എത്ര ശക്തിയുള്ള ഉപകരണങ്ങൾ കണ്ടുപിടിച്ചാലും ദൈവത്തെ കാണാനാകുമെന്ന് വേദഗ്രന്ഥങ്ങളൊന്നും വാദിക്കുന്നുമില്ല.

ചിലർക്ക് ഇത്രയും കേട്ടാൽ മതിയാകും. 'കൂടുതൽ വിശദീകരണങ്ങളൊന്നും വേണ്ട, ഏതായാലും ദൈവത്തെ ശാസ്ത്രം കണ്ടുപിടിച്ചു തരില്ലെന്ന് നിങ്ങൾ തന്നെ സമ്മതിച്ചല്ലോ. കൂടുതലൊന്നും കേൾക്കണ്ടാ' എന്ന് പറഞ്ഞ് ഒരു പോക്കാണ്. ശരിയാണ്, പ്രൈമറി വിദ്യാർഥിക്ക് മുൻപിൽ ട്രിഗോണോമെട്രി ക്ലാസെടുക്കുന്നത് പോലെയാണ് പോലെ യുക്തി(രഹിത)വാദിയോടു പ്രപഞ്ചാതീതവും പദാർഥാതീതവുമായ ശക്തിയെക്കുറിച്ചൊക്കെ സംസാരിക്കുന്നത്. ശരി, യുക്തിവാദിയുടെ നിലവാരത്തിലേക്ക് താഴ്ന്നു കൊണ്ട് സംസാരിക്കാം. പ്രപഞ്ചത്തിന് അപ്പുറത്തുള്ള ശക്തിയെ കുറിച്ച് ശാസ്ത്രത്തിന് പറയാനാകുമോ എന്നതൊക്കെ അവിടെ നിൽക്കട്ടെ. പ്രപഞ്ചത്തിനുള്ളിലുള്ളതിനെ കുറിച്ചെങ്കിലും പൂർണമായി പറഞ്ഞ് തരാൻ ശാസ്ത്രത്തിനാകുമോ എന്നൊന്ന് ചെറിയ രണ്ട് ഉദാഹരണങ്ങൾ വെച്ച് പരിശോധിക്കാം.

**സൂക്ഷ്മ പ്രപഞ്ചം**

ആറ്റത്തിനേക്കാൾ ചെറുതായൊന്നുമില്ല എന്ന അജ്ഞതയിൽ നിന്നൊക്കെ ശാസ്ത്രം ഏറെ പുരോഗമിച്ചു കഴിഞ്ഞു. ഇലക്ട്രോണിന്റെയും പ്രോട്ടോണിന്റെയും ന്യൂട്രോണിന്റെയുമൊക്കെ ലോകത്ത് നടക്കുന്ന ഗവേഷണങ്ങൾ നമ്മെ കൂടുതൽ അമ്പരപ്പിലേക്കും ആശ്ചര്യത്തിലേക്കുമാണ് എത്തിക്കുന്നത്. സൂക്ഷ്മപ്രപഞ്ചത്തിലെ ഈ സങ്കീർണതകൾ അതിസൂക്ഷ്മനായ ഒരു സ്രഷ്ടാവിന്റെ കരങ്ങൾ പ്രവർത്തിച്ചു എന്നതിനുള്ള തെളിവായാണ് വിനയമുള്ളവർക്ക് ബോധ്യമാവുക. അഹങ്കാരികൾ അതും 'യാദൃച്ഛികത'യുടെ അക്കൗണ്ടിലേക്ക് വരവുവെച്ച് സ്വയം വിഡ്ഢികളാകുന്നു.

വിഷയത്തിലേക്ക് തിരിച്ചു വരാം. ഇലക്ട്രോണിന്റെ ദ്വൈതസ്വഭാവമാണ് (Dual Nature) ഇന്ന് ശാസ്ത്രലോകത്തിലെ ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന്. ഒരു ഇലക്ട്രോണിനെ വിശദീകരിക്കാൻ ?=h/p എന്ന ഡീബ്രോഗ്ലീ സമവാക്യം ഉപയോഗിക്കുമ്പോൾ? തരംഗ സ്വഭാവത്തെയും (wave nature) p പാർട്ടിക്കിൾ (particle) സ്വഭാവത്തെയും കുറിക്കുന്നു. പ്രശ്നം കൂടുതൽ സങ്കീർണമാക്കുകയാണ് ഹൈസൻബർഗിന്റെ 'അനിശ്ചിതത്വ സിദ്ധാന്തം' (Heisenberg's Uncertaintiy Principle).

h/2p ~ ?x?p

ഇതനുസരിച്ച് ഇലക്ട്രോണിന്റെ സ്ഥാനവും മാസും പ്രവേഗവും ഒരേ സമയത്ത് കൃത്യമായി കണക്കാക്കാൻ സാധ്യമല്ല! ഇലക്ട്രോണിന്റെ സ്ഥാനം കണക്കാക്കാൻ നാമുപയോഗിക്കുന്ന വസ്തു അതിന്റെ പ്രവേഗത്തെയും പ്രവേഗം കണക്കാക്കാൻ ഉപയോഗിക്കുന്ന വസ്തു അതിന്റെ മാസിനെയും കാര്യമായി സ്വാധീനിക്കുന്നു എന്നത് കൊണ്ടാണത്രേ ഇത്.

ചുരുക്കത്തിൽ നിസ്സാരമായ ഒരു ഇലക്ട്രോണിന്റെ പോലും പൂർണമായി മനസ്സിലാക്കാൻ നമുക്ക് സാധ്യമല്ല! ഇനിയും നമ്മുടെ ഗവേഷണങ്ങൾക്ക് പരിധിയും പരിമിധികളുമില്ലെന്ന് വിളിച്ചു കൂവുന്നവർക്ക് എന്നാണ് നേരം വെളുക്കുക?! പദാർഥ ലോകത്തിലെ സൂക്ഷ്മതകൾ പോലും പൂർണമായി മനസ്സിലാക്കാൻ കഴിയാത്തവരാണ് പദാർഥാതീതനായ ശക്തിയെ കാണണമെന്ന് വാശി പിടിക്കുന്നത്. ഹാ കഷ്ടം!

**സ്ഥൂലപ്രപഞ്ചം**

പ്രപഞ്ചത്തിന്റെ വലിപ്പത്തെ കുറിച്ച് പൊട്ടക്കിണറ്റിലെ തവള പുറംലോകത്തെ കുറിച്ച് വാചാലനാകുന്നത് കണക്കെയാണ് നാമിന്നും സംസാരിക്കുന്നത്. ഇന്നും നമ്മുടെ ദൃഷ്ടികൾ ചെന്നെത്തുക കൂടി ചെയ്യാത്ത നക്ഷത്രങ്ങളുണ്ട്. ഭൂമിക്ക് പുറത്ത് ജീവയോഗ്യമായ ഒരു തുണ്ട് സ്ഥലമുണ്ടോ എന്ന ഗവേഷണം പോലും ഇഴഞ്ഞു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ശാസ്ത്രത്തിന്റെ മുന്നോട്ടുള്ള കുതിപ്പിനിടയിൽ ഇവയ്ക്കൊക്കെ പരിഹാരമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ശാസ്ത്രം മുന്നോട്ടു കുതിക്കുകയാണ്, ആ കുതിപ്പിനിടയിൽ നമുക്ക് ഇന്ന് ചിന്തിക്കാൻ പോലുമാകാത്ത അത്ര ശക്തിയുള്ള ടെലെസ്കോപ്പുകൾ കണ്ടെത്തിയേക്കാം. കൂടുതൽ നക്ഷത്രങ്ങളെയും ഗാലക്സികളെയും കുറിച്ച് നമുക്ക് പഠിക്കാൻ സാധിച്ചേക്കാം. പക്ഷെ അവിടെയും പരിധികളുണ്ടെന്നാണ് ശാസ്ത്രം തന്നെ പറയുന്നത്. കാരണം പ്രപഞ്ചം വികസിച്ചു കൊണ്ടിരിക്കുകയാണ് എന്നാണ് ശാസ്ത്രജ്ഞന്മാരുടെ മുഴുവൻ അഭിപ്രായം. ഊതിവീർപ്പിക്കുന്ന ഒരു ബലൂണിലെ പുള്ളികൾ തമ്മിൽ അകലുന്നത് പോലെ വികസിച്ചു കൊണ്ടിരിക്കുന്ന പ്രപഞ്ചത്തിനകത്തെ ഗ്യാലക്സികൾ തമ്മിൽ അകന്നു കൊണ്ടിരിക്കുകയാണ്.

അഥവാ മിൽകിവേ ഗ്യാലക്സിയിലാണ് നാമുള്ളത്. മറ്റു ഗ്യാലക്സികൾ നമ്മിൽ നിന്ന് അകന്നു കൊണ്ടിരിക്കുകയാണ്. ഇങ്ങനെ അകന്നു പോകുന്നതിന്റെ വേഗത ഹബ്ൾ നിയമം (Hubble's Law) കണക്കുകൂട്ടുന്നത് ഇങ്ങനെയാണ്: v=Ho.D ഇതിൽ v എന്നാൽ ഗ്യാലക്സി അകലുന്നതിന്റെ വേഗത. Ho എന്നാൽ Hubble's Constant. (ഈ കോൺസ്റ്റന്റ് എത്രയാണ് എന്നതിനെ കുറിച്ച് ഇപ്പോഴും പഠനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. 20km/sec/10,00,000 Light Years എന്ന സംഖ്യ തല്കാലമെടുക്കാം). D എന്നാൽ നമ്മിൽ നിന്നും ആ ഗ്യാലക്സിയിലേക്കുള്ള ദൂരം. ഇത് പ്രകാരം 1500 കോടി പ്രകാശവർഷമോ അതിലധികമോ അകലെയുള്ള ഗ്യാലക്സികൾ നമ്മിൽ നിന്ന് അകന്നു കൊണ്ടിരിക്കുന്നത് പ്രകാശത്തെക്കാൾ വേഗതയിലാണ്! എന്ന് വെച്ചാൽ അതിൽ നിന്നുള്ള പ്രകാശം ഒരിക്കലും നമ്മുടെ അടുത്ത് എത്തുകയില്ല.! അഥവാ എത്ര ശക്തിയുള്ള ദൂരദർശിനിയുണ്ടായാലും ആ ഗ്യാലക്സികളെക്കുറിച്ച് യാതൊരു അറിവും നമുക്ക് ലഭിക്കാൻ പോകുന്നില്ല! ഇങ്ങോട്ട് വരാത്ത പ്രകാശത്തെ പിടിച്ചെടുക്കാൻ എത്ര ശക്തിയുള്ള ടെലെസ്കോപ്പിനും കഴിയില്ലല്ലോ.



നോക്കൂ. 1500 കോടി പ്രകാശവർഷത്തിനകത്തെ വസ്തുക്കൾ മാത്രമേ എത്ര തന്നെ പുരോഗമിച്ചാലും നമുക്ക് കാണാൻ സാധിക്കൂ. കാണാത്തതൊക്കെ നിഷേധിക്കുന്നവർ അതിനപ്പുറത്തെ പദാർഥലോകത്തെ തന്നെ നിഷേധിക്കുമോ ആവോ?! മുൻവിധിയും അഹങ്കാരവും ഒഴിവാക്കി ചിന്തകളെ സ്വതന്ത്രമാക്കുന്ന ആർക്കാണിനിയും ഇത്തരം ബാലിശമായ ന്യായങ്ങൾ ആവർത്തിക്കാനാവുക?!

സ്ഥൂലപ്രപഞ്ചത്തെയും സൂക്ഷ്മപ്രപഞ്ചത്തെയും പോലും പൂർണമായി മനസ്സിലാക്കാനും പഠിക്കാനും നമുക്ക് സാധ്യമാകുന്നില്ല എന്ന യാഥാർത്യത്തിലേക്ക് വിരൽചൂണ്ടാൻ രണ്ട് ഉദാഹരണങ്ങൾ വിവരിച്ചു എന്ന് മാത്രം. ആ നാമാണോ പ്രപഞ്ചത്തിന് അതീതനായ ശക്തിയെ നമ്മുടെ ദുർബലമായ ഉപകരണങ്ങൾ കൊണ്ട് കണ്ടുപിടിക്കാൻ സാധിക്കുന്നില്ല എന്നത് കൊണ്ട് നിഷേധിക്കാനൊരുങ്ങുന്നത്? പദാർഥങ്ങളെ കുറിച്ച് പോലും പൂർണമായി പഠിക്കാൻ സാധിക്കാത്തവർ പദാർഥാതീതനെ കാണാൻ സാധിക്കുന്നില്ലെന്ന കാരണം പറഞ്ഞ് നിഷേധിക്കുന്നു! എന്തൊരു വിരോധാഭാസം?! ചുറ്റിലും ആ മഹാനായ സ്രഷ്ടാവിന്റെ കരങ്ങൾ പ്രവർത്തിച്ചതിന്റെ തെളിവുകളുണ്ടായിട്ടും, ഈ സങ്കീർണതകൾ പടച്ചവന്റെ കഴിവിനെയും മാഹാത്മ്യത്തെയും ബോധ്യപ്പെടുത്തുന്നതായിരുന്നിട്ടും എല്ലാം 'യാദൃച്ഛിക'മെന്ന ഏറ്റവും വലിയ യുക്തിരഹിത 'വിശ്വാസത്തെ' മുറുകെ പിടിക്കുന്നവർക്ക് ചിന്തിക്കാനും പഠിക്കാനും മനസ്സ് വിശാലമാകട്ടെ എന്ന് പ്രാർഥിക്കുകയല്ലാതെ വേറെ നിവൃത്തിയില്ല. ●

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച

# തോറ്റ കേസും ജയിച്ച മനസ്സാക്ഷിയും

**അ**ന്ന് ആ കേസിൽ വക്കീൽ തോറ്റുപോയി. നിയമപരമായി നല്ല അറിവുള്ള യുവാവായിരുന്നു അദ്ദേഹം. അധ്യാപന പാരമ്പര്യവും കൂടെയുള്ളത് കൊണ്ട് നന്നായി വാദങ്ങൾ കോടതിയിൽ അവതരിപ്പിക്കുവാനും അദ്ദേഹത്തിന് വിരുതുണ്ടായിരുന്നു.

പക്ഷേ, ചില സത്യങ്ങളെ വളച്ചൊടിച്ചും അർധസത്യങ്ങളെ അവതരിപ്പിച്ചുമുള്ള വാദത്തിൽ അദ്ദേഹത്തിന് എവിടെയോ പിടിവിട്ടുപോയി. അദ്ദേഹത്തിന്റെ മനസ്സിൽ നടന്ന നേരും നെറികേടും തമ്മിലുണ്ടായ ഏറ്റുമുട്ടലാണ് തോൽവിക്ക് കാരണമായത്.

കേസിന്റെ വിധിക്കൊടുവിൽ സീനിയർ വക്കീലിന്റെ ശാസന പ്രതീക്ഷിച്ചു നിന്ന അദ്ദേഹത്തിന് ലഭിച്ചത് ആശ്വാസമായിരുന്നു. കേസ് തോറ്റു. പക്ഷേ, മനസ്സാക്ഷി ജയിച്ചിരിക്കുന്നു. അത് കൊണ്ട് അഭിഭാഷക വൃത്തി നിർത്തി മറ്റു ജോലിക്ക് ശ്രമിക്കുന്നതാണ് നല്ലത് എന്ന ഉപദേശമാണ് സീനിയറിൽ നിന്ന് ലഭിച്ചത്.

നല്ല സാമ്പത്തിക നിലയിലുള്ള കുടുംബം. ദീർഘകാലമായി കച്ചവടം നടത്തുന്ന പിതാവും ചില ജ്യേഷ്ഠന്മാരും. വിദ്യാഭ്യാസ നിലയിൽ മുൻപന്തിയിൽ നിൽക്കുന്ന സഹോദരന്മാർ. സർക്കാർ സർവീസിലും സ്വകാര്യമേഖലയിലും ഉയർന്ന ശമ്പളം പറ്റുന്ന മറ്റു സഹോദരന്മാർ...

വക്കീൽ ജോലിയിലെ നൈതികതയും മനസ്സാക്ഷിയും തമ്മിൽ ഏറ്റുമുട്ടിയപ്പോൾ മനസ്സാക്ഷി ജയിക്കുകയും ആ ജോലിയിൽ നിന്ന് മാറിനിൽക്കുകയും ചെയ്തു. യഥാസമയത്ത് നല്ല ഉപദേശം ലഭിക്കുകയും ആ ഉപദേശം സ്വീകരിക്കാനും അതനുസരിച്ച് മനസ്സിനെ ഉറപ്പിച്ച് നിർത്താനും പുതിയ വെല്ലുവിളികളെ നേരിടാനുള്ള കരുത്തും ഊർജവും ലഭിക്കുകയും ചെയ്യുക എന്നത് അതിപ്രധാനമാണ്. തുർന്ന് ആ രംഗത്ത് പുതിയ മാർഗം തേടിയുള്ള കഠിന ശ്രമത്തിലായിരുന്നു അദ്ദേഹം. നികുതി വകുപ്പിൽ ഗസറ്റഡ് റാങ്കിൽ ആദ്യനിയമനം അദ്ദേഹത്തെ തേടിയെത്തി. നിയമപഠനം അടിസ്ഥാനമാക്കിയുള്ള പരീക്ഷക്കും തുടർന്നുള്ള കൂടിക്കാഴ്ചക്കും ശേഷമായിരുന്നു ആ സർക്കാർ നിയമനം.

വകുപ്പിൽ അദ്ദേഹം കഠിനമായി അധ്വാനിച്ചു. തന്റെ നിയമപാഠത്തിന്റെ അടിസ്ഥാനത്തിൽ നന്നായി ജോലി ചെയ്തു. ചെറുപ്പത്തിന്റെയും കമ്പ്യൂട്ടർപരിജ്ഞാനത്തിന്റെയും ആർജവവും വേഗതയും അദ്ദേഹത്തിന് കൂടുതൽ ആത്മവിശ്വാസം നൽകി. വൈകാതെ ജോലിക്കയറ്റം അദ്ദേഹത്തെ തേടിയെത്തി. കൂട്ടത്തിൽ വകുപ്പു സംബന്ധമായ പരിശീലനങ്ങളും ക്ലാസുകളിലും അദ്ദേഹം ശ്രദ്ധപതിപ്പിച്ചു. വ്യാപാരി സമൂഹത്തിലും വകുപ്പിലും മറ്റു പരിശീലന സംരംഭങ്ങളിലും അദ്ദേഹം ക്രിയാത്മകമായ പങ്ക് വഹിച്ചു.

ഇന്ന് അദ്ദേഹം ജില്ലയിൽ അധികാരമുള്ള ഒരു ഔദ്യോഗിക സ്ഥാനത്താണിരിക്കുന്നത്. വൈകാതെ മറ്റൊരു ജോലിക്കയറ്റം കൂടി അദ്ദേഹത്തെ കാത്തിരിക്കുന്നു. സ്രഷ്ടാവ് അനുഗ്രഹിക്കട്ടെ,

നിർണായക ഘട്ടങ്ങളിൽ ഒരാളുടെ ഉപദേശം ലഭിക്കുക, അത് സ്വീകരിക്കാനും കഠിനമായി അധ്വാനിക്കാനും സന്മനസ്സുണ്ടാവുക, അതിന് സ്രഷ്ടാവിന്റെ സഹായം ലഭിക്കുക എന്നതൊക്കെ വല്ലാത്തൊരു അനുഗ്രഹമാണ്.

നിലവിലുള്ള അനുകൂല സാഹചര്യങ്ങൾ നഷ്ടപ്പെടുമോയെന്ന ചിന്തയാണ് പലർക്കും തിന്മയുടെ സാമീപ്യമുള്ള രംഗത്തുനിന്ന് വിട്ട് നിൽക്കാൻ വിഘാതമായി നിൽക്കുന്നത്. എന്നാൽ ഉറച്ച തീരുമാനവും തവക്കുലും (പ്രപഞ്ചനാഥനിൽ ഭരമേൽപിക്കൽ) ഉണ്ടെങ്കിൽ സ്രഷ്ടാവിന്റെ സഹായം ലഭിക്കുമെന്നതാണ് വിശ്വാസിയുടെ ധൈര്യം.

"...വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്നപക്ഷം അവന്ന് അല്ലാഹുതന്നെ മതിയാകുന്നതാണ്." (ക്വുർആൻ 65:3).

എസ്.എ റിയാദ്
mail@nerpatham.com

കവർ സ്റ്റോറി



# കപടദേശീയത ഉയർത്തുന്ന വെല്ലുവിളികൾ

സ്വന്തം ദേശത്തോടും ദേശവാസികളോടും ദേശവുമായി ബന്ധപ്പെടുന്ന പ്രതീകങ്ങളോടുമുള്ള വൈകാരികമായ ബന്ധം മനുഷ്യന്റെ നൈസർഗ്ഗിക ഗുണങ്ങളിൽ പെട്ടതാണ്. ഈ നൈസർഗ്ഗിക ബോധത്തിന്റെ അടിസ്ഥാനത്തിൽ ഒരു രാഷ്ട്രത്തിലെ ജനങ്ങളുടെയിടയിൽ രൂപപ്പെടുന്ന രാജ്യത്തോടുള്ള കൂറ്, ഐകമത്യബോധം എന്നീ സ്വഭാവഗുണങ്ങൾ ഒരുമിച്ചു ചേരുന്ന സവിശേഷ വൈകാരികാവസ്ഥയാണ് ദേശീയത അഥവാ ദേശീയബോധം. എന്നാൽ ഒരാളുടെ ജനനമോ വാസമോ ഒരു പ്രത്യക പ്രദേശത്തായതുകൊണ്ട് അയാളിൽ മാനവികമായ ഉത്കൃഷ്ടതയോ ഔന്നത്യമോ സവിശേഷതകളോ ഉണ്ടാവുന്നില്ല എന്നത് വിശേഷബുദ്ധിയുള്ള ഏതൊരാൾക്കും മനസ്സിലാവും. മനുഷ്യനെ മനുഷ്യനാക്കുന്നത് അയാളിലെ മാനവികമായ ഗുണങ്ങളാണ്. സ്രഷ്ടാവിന്റെ അലംഘനീയമായ നിയമങ്ങളെ സൂക്ഷിച്ചുകൊണ്ട് ഉത്തമഗുണങ്ങൾ സ്വായത്തമാക്കുന്നതിലൂടെ മാത്രമേ സമസൃഷ്ടി സ്നേഹവും തിന്മകളിൽനിന്നുള്ള മോചനവും സാധ്യമാവൂ. ഇങ്ങനെ ദൈവപ്രോക്തങ്ങളായ സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ

മനുഷ്യർ തമ്മിൽ നിലനിൽക്കേണ്ട സൗഹാർദത്തെയും വൈകാരികതയെയും സഹവർത്തിത്വത്തെയും സമന്വയിപ്പിക്കുന്ന പദമാണ് മാനവികത. അത്തരം പരിപ്രേക്ഷ്യത്തിലൂടെ വ്യാഖ്യാനിക്കപ്പെടുന്ന മാനവികതക്ക് ഭൂമിശാസ്ത്രപരമായ അതിരുകളില്ല. ഭക്ഷണം ലഭിക്കാതെ ശരീരം ശോഷിച്ച് മൃതപ്രായനായി കഴിയുന്ന ആഫ്രിക്കൻ പ്രാന്തപ്രദേശങ്ങളിലെ പിഞ്ചുബാലന്റെ ദൈന്യതയിൽ മനം നൊന്ത് ന്യൂയോർക്കിലെ സമ്പന്നൻ സമസൃഷ്ടിക്കായി ചെയ്യുന്ന സേവനം മാനവികതക്ക് ഒരു ഉദാഹരണമാണ്. അതുകൊണ്ടുതന്നെ മാനവികതയെന്ന അടിസ്ഥാനഗുണത്തിന്റെ ഭാഗമായി കടന്നു വരുന്ന ദേശീയത സ്വന്തം ദേശത്തിനും ദേശവാസികൾക്കും പ്രതീകങ്ങൾക്കും ഗുണമുണ്ടാവണമെന്ന ബോധമാണ് വരച്ചുകാണിക്കുന്നത്. ദേശീയതയെ ഇത്തരത്തിൽ മനസ്സിലാക്കുന്ന ഒരാൾക്ക് മറ്റു രാഷ്ട്രങ്ങളുടെ ദേശീയതയെ ഉൾക്കൊള്ളാനും അവയെ ബഹുമാനിക്കാനും പ്രയാസമുണ്ടാവില്ല. എന്നാൽ സ്വന്തം രാഷ്ട്രത്തെ ബഹുമാനിക്കുന്നുവെന്ന് മറ്റുള്ളവരെ തോന്നിപ്പിക്കുവാൻ വേണ്ടി മാത്രം ദേശീമായി കരുതപ്പെടുന്ന ചിഹ്നങ്ങളെയും പ്രതീകങ്ങളെയും സംഹിതകളെയും മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത് യാഥാർഥത്തിൽ ദേശീയതയുടെ സന്ദേശത്തിനു വിരുദ്ധമാണ്.



ഇവിടെയാണ് ദേശീയഗാനവുമായി ബന്ധപ്പെട്ട വിവാദം ചർച്ചയാവുന്നത്. ഏതൊരു രാജ്യത്തിനും അതിന്റെ ദേശീയഗാനം പ്രിയതരമാണ്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ദേശീയഗാനം രാജ്യത്തെ വിവിധ പ്രദേശങ്ങളെയും സംസ്കാരങ്ങളെയും കൂട്ടിയിണക്കിക്കൊണ്ടാണ് രചിക്കപ്പെട്ടിട്ടുള്ളത്. അഞ്ച് ചരണങ്ങളുള്ള ഗാനത്തിന്റെ ആദ്യചരണം മാത്രമാണ് ഇന്ന് ദേശീയഗാനമായി അറിയപ്പെടുന്നത്. അതെ സമയം 'ജനഗണമന' രചിക്കപ്പെട്ട സമയത്ത് തന്നെ അതിന്റെ ഉള്ളടക്കത്തെ കുറിച്ചുള്ള വിവാദങ്ങളും ഉണ്ടായിട്ടുണ്ട്. 1911 ഡിസംബർ 27ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കൽക്കത്താ സമ്മേളനത്തിലായിരുന്നു രവീന്ദ്രനാഥ ടാഗോർ 'ഭാഗ്യവിധാതാ' തുടങ്ങിയ പദങ്ങളെക്കുറിച്ച് അന്ന് തന്നെ വിവാദങ്ങളുണ്ടായിരുന്നു. ബ്രിട്ടനിലെ ജോർജ്ജ് അഞ്ചാമൻ രാജാവിനെ ഉദ്ദേശിച്ചുകൊണ്ടാണ് 'ജനഗണമന അധിനായക ജയഹേ ഭാരത ഭാഗ്യവിധാതാ (സർവ ജനങ്ങളുടെയും മനസ്സിന്റെ അധിപനും നായകനുമായവനെ ഭാരതത്തിന്റെ ഭാഗ്യം വിധാനം ചെയ്യുന്നവനെ) എന്നർഥം വരുന്ന പ്രയോഗങ്ങളെന്നായിരുന്നു വിമർശനം. എന്നാൽ സാക്ഷാൽ പ്രപഞ്ചത്തിന്റെ മുഴുവൻ ദൈവത്തെയാണ് ഉദ്ദേശിച്ചതെന്ന് ടാഗോർ തന്നെ വ്യക്തമാക്കിയതോടെയാണ് വിവാദങ്ങൾക്ക് വിരാമമുണ്ടായത്.

ഭരണഘടനയുടെ 51 A അനുച്ഛേദപ്രകാരം ദേശീയഗാനം, ദേശീയപതാക എന്നിവയെ ബഹുമാനിക്കുക എന്നത് പൗരന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ മൗലിക ധർമ്മയാണ് വിശദീകരിക്കപ്പെട്ടിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റുമായി ദേശീയഗാനം ആലപിച്ച് വരുന്നത്. എന്നാൽ പ്രത്യേകമായ വേളകളിലും ചടങ്ങുകളിലും ദേശീയഗാനം ആലപിച്ചേ പറ്റൂ എന്ന നിർബന്ധം ഭരണഘടനയിൽ എവിടെയും പറയുന്നില്ല. 'ദേശഭക്തി'യും ദേശീയബോധവും അടിച്ചേൽപ്പിക്കാനുള്ളതല്ല എന്നും അവ രാജ്യത്തോടുള്ള കൂറിന്റെ അടിസ്ഥാനത്തിൽ പൗരധർമമായി രാജ്യത്തിന് ലഭിക്കേണ്ടത് മാത്രമാണെന്നും സാമാന്യ ബോധമുള്ളവർക്ക് മനസ്സിലാവും. അതുകൊണ്ടാണ് ദേശീയഗാനം പാടാനും പാടാതിരിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ടെന്ന് സുപ്രീം കോടതി തന്നെ വ്യക്തമാക്കിയത്.

1985 ജുലൈ 26ന് കോട്ടയം ജില്ലയിലെ ഒരു വിദ്യാലയത്തിൽ, ദേശീയഗാനം പാടാത്തതിന്റെ പേരിൽ യഹോവ സാക്ഷികൾ എന്ന കൃസ്ത്യൻ വിഭാഗത്തിലെ ചില വിദ്യാർഥികളെ സ്കൂളിൽ നിന്ന് പുറത്താക്കിയതുമായി ബന്ധപ്പെട്ടുകൊണ്ടാണ് സുപ്രീംകോടതി വിധിപ്രസ്താവം നടത്തിയത്. യഹോവയെ അല്ലാതെ മറ്റൊന്നിനേയും വികാരപരാമായി ഉൾക്കൊള്ളാൻ കഴിയില്ല എന്നതായിരുന്നു ആ വിദ്യാർഥികൾ പറഞ്ഞ ന്യായം. പുറത്താക്കിയതിനെ ശരിവെച്ച ഹൈക്കോടതിയെയും കീഴ്ക്കോടതികളെയും നിശിതമായി വിമർശിച്ചുകൊണ്ടായിരുന്നു സുപ്രീംകോടതി വിധിയെന്നത് ഏറെ ഗൗരവത്തോടെയാണ് കാണേണ്ടത്. ഇന്ത്യൻ ഭരണഘടനയിലെ അഭിപ്രായ സ്വാതന്ത്ര്യം, മതേതരത്വം എന്നീ കാഴ്ചപ്പാടുകൾ വ്യാഖ്യാനിക്കുകയാണ് സുപ്രീംകോടതി 'ബിജോയ് ഇമ്മാനുവൽ കേസ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കേസിൽ ചെയ്തത് എന്നതും ഇന്ത്യൻ ബഹുസ്വരസമൂഹം മനസ്സിലാക്കേണ്ടതുണ്ട്. ജനങ്ങൾ ഉന്മത്തരായി ഇരിക്കുന്ന വേളകളിൽ പോലും ദേശീയഗാനം ആലപിക്കാൻ നിർബന്ധിക്കുന്നത് ദേശീയഗാനത്തോടുള്ള ആദരവായി കാണാൻ വയ്യ. ദേശീയഗാനം ആലപിക്കുമ്പോൾ എഴു

ന്നേറ്റ് നിൽക്കണോ എന്നതല്ല വിഷയം. തീയേറ്ററുകളിൽ സിനിമ പ്രദർശിപ്പിക്കുന്നതിന് മുമ്പായി ദേശീയഗാനം നിർബന്ധമായും പ്രദർശിപ്പിക്കണമെന്ന സുപ്രീം കോടതിയുടെ പരാമർശം നേരത്തെ സൂചിപ്പിച്ച ബിജു ഇമ്മാനുവൽ കേസിലെ വിധിക്ക് നേർ വിപരീതമാണ്. ഹിന്ദി ദേശീയ ഭാഷയായിട്ടും തമിഴ്നാട്ടിൽ അത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിവാദങ്ങൾ ഏറെ സുവിദിതമാണല്ലോ. സംഘകാലത്തിന്റെ ദീർഘകാല പാരമ്പര്യമുള്ള തമിഴ് മണ്ണിൽ അവരുടെ മാതൃഭാഷയേക്കാളേറെ ദേശീയഭാഷയായ ഹിന്ദിയെ ഉൾക്കൊള്ളാൻ അവരുടെ മനസ്സുകൾ പാകപ്പെട്ടിട്ടുണ്ടായിരുന്നില്ല. ഇന്ത്യ വിവിധ മതഭാഷവിശ്വാസസംസ്കാരങ്ങളുടെ കേദാരമായിരിക്കെ ദേശീയതയുടെ പേരിലുള്ള നിർബന്ധിപ്പിക്കലുകൾക്ക് വലിയ പ്രസക്തിയില്ലെന്നതാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്.

ഏകസിവിൽകോഡും നോട്ടും ബീഫുമെല്ലാം നമ്മെ പഠിപ്പിച്ച ഒരു വസ്തുതയുണ്ട്. ഭരണകൂടം നിശ്ചയിക്കുന്ന കാര്യങ്ങളെ ചോദ്യം ചെയ്യലുകൾ പോലുമില്ലാതെ അവക്ക് നിയമപരിരക്ഷയുണ്ടോ എന്ന അന്വേഷിക്കുക പോലും ചെയ്യാതെ എല്ലാം അംഗീകരിക്കാൻ പൗരനെ നിർബന്ധിക്കുകയും പൗരന്മാർ എന്തും അനുസരിക്കാൻ തയ്യാറാവുന്ന അവസ്ഥയിലേക്ക് മാറുകയും പ്രതികരണവികാരമില്ലാത്തവരായിത്തീരുകയും ചെയ്യുന്ന വളരെയധികം ആശങ്കാജനകമായ അവസ്ഥയാണിത്. ഫാഷിസം പിടിമുറുക്കി എന്നതിന്റെ സൂചനയാണിത്. ഈയിടെ കണ്ണൂരിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിലെ ഒരു സംഭവം മാധ്യമങ്ങൾ കുറിച്ചത് ഇതിന്റെ സൂചനയാണ്. ബാൻഡ്മേളത്തിൽ പങ്കെടുത്ത പതിനെട്ടു ടീമുകളും തങ്ങളുടെ അവതരണം അവസാനിപ്പിച്ച് ദേശീയഗാനം ആലപിച്ചപ്പോൾ കാണികളെല്ലാം എഴുന്നേറ്റു നിന്നു. പതിനെട്ടു തവണയും ഇതാവർത്തിച്ചു. മുൻവർഷങ്ങളിൽ ഇതൊരു മത്സരയിനം എന്നതിൽ കവിഞ്ഞുള്ള ഒരു പ്രാധാന്യവും സദസ്സ് നൽകിയിരുന്നില്ല. മത്സരത്തിന്റെ ഭാഗമായുള്ള ഈ ആലാപനത്തിനു അങ്ങനെയൊരു ആദരവ് വേണമെന്ന് ആരും കരുതിയിരുന്നില്ല. ഇപ്പോൾ, ആരും നിർബന്ധിക്കാതെ, ഒരു കോടതിയുടെയും നിർദേശമില്ലാതെ എഴുന്നേറ്റു നിന്നു ആദരവ് പ്രകടിപ്പിക്കാൻ കാണികൾ തയ്യാറാവുന്നു. ഇല്ലെങ്കിൽ സംഘപരിവാരങ്ങൾ ഇടപെടുമെന്ന ഭയപ്പാടാവാം കാണികളെ ഇതിനെല്ലാം പ്രേരിപ്പിച്ചത്. തിയേറ്ററുകളിൽ എഴുന്നേൽക്കാത്തവരെ നിയമം വരുന്നതിനു മുമ്പ് തന്നെ ഫാഷിസ്റ്റുകൾ ആക്രമിച്ച സംഭവവും തിരുവനന്തപുരത്ത് ചലച്ചിത്രോത്സവ വേദിയിലെ വിവാദങ്ങളുടെ പേരിൽ സംഘാടകർക്കെതിരെയുണ്ടാക്കിയ അതിക്രമങ്ങളുമെല്ലാം ഭയന്നത് കൊണ്ടാവാം കലോത്സവത്തിൽ ഒറ്റയിരുപ്പിൽ പതിനെട്ടു തവണ എഴുന്നേൽക്കാൻ കാണികളെ പ്രേരിപ്പിച്ചത്.

**ഈയിടെ കണ്ണൂരിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിലെ ബാൻഡ്മേളത്തിൽ പങ്കെടുത്ത പതിനെട്ടു ടീമുകളും തങ്ങളുടെ അവതരണം അവസാനിപ്പിച്ച് ദേശീയഗാനം ആലപിച്ചപ്പോൾ കാണികളെല്ലാം എഴുന്നേറ്റു നിന്നു. പതിനെട്ടു തവണയും ഇതാവർത്തിച്ചു. മുൻവർഷങ്ങളിൽ ഇതൊരു മത്സരയിനം എന്നതിൽ കവിഞ്ഞുള്ള ഒരു പ്രാധാന്യവും സദസ്സ് നൽകിയിരുന്നില്ല. മത്സരത്തിന്റെ ഭാഗമായുള്ള ഈ ആലാപനത്തിനു അങ്ങനെയൊരു ആദരവ് വേണമെന്ന് ആരും കരുതിയിരുന്നില്ല. ഇപ്പോൾ, ആരും നിർബന്ധിക്കാതെ, ഒരു കോടതിയുടെയും നിർദേശമില്ലാതെ എഴുന്നേറ്റു നിന്നു ആദരവ് പ്രകടിപ്പിക്കാൻ കാണികൾ തയ്യാറാവുന്നു.**

പ്രബുദ്ധരെന്നും രാഷ്ട്രീയ സാക്ഷരരെന്നും കരുതുന്ന മലയാളികളിലേക്ക് പോലും ഫാഷിസത്തിന്റെ മസ്തിഷ്കപ്രക്ഷാളനം സ്വാധീനിച്ചുവരുന്നു എന്നുവേണം കരുതാൻ. ദേശീയത അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന സംഘ്പരിവാരത്തിന്നു കീഴൊതുങ്ങി ജീവിക്കുന്നതാണ് ഉചിതമെന്ന തികച്ചും അപകടകരമായ മാനസികാവസ്ഥയിലേക്ക് അവർ എത്തിപ്പെട്ടിരിക്കുന്നു.

നോട്ടു പിൻവലിക്കലിൽ പോലും ഭരണകൂട തീരുമാനത്തെ പ്രതിഷേധങ്ങളൊന്നും കൂടാതെ അംഗീകരിക്കാനുള്ള മനോനിലയിലേക്ക് ജനമെത്തിയോ എന്ന് കണ്ടെത്താനുള്ള ഉപാധിയായിരുന്നു അത്. അതോടൊപ്പം ബാങ്കുകളിലേക്ക് എത്തുന്ന പണത്തിന്റെ പേരിൽ ജനസംഖ്യയിലെ വലിയൊരു വിഭാഗത്തെ നിരീക്ഷണത്തിന്റെ നിഴലിലാക്കുകയും അങ്ങനെ പൗരന്മാരുടെ എല്ലാ ചലനവും ഭരണകൂടത്തിന്റെ സെർവറിൽ രേഖപ്പെടുത്തുകയും ചെയ്യുക. ഇങ്ങനെ വ്യക്തികളുടെ ജീവിതത്തിലേക്ക് കടന്നുകയറാൻ പാകത്തിലുള്ള ആയുധമായി ദേശീയത മാറിക്കൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള അമിതമോ വ്യാജമോ ആയ ദേശീയത വരുത്തിവെക്കുന്ന ദുരന്തങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുവാൻ ഉത്തരവാദപ്പെട്ട മതേതര ജനാധിപത്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തയ്യാറായില്ലെങ്കിൽ രാജ്യം നേരിടാൻ പോവുന്നത് ഒരു 'ദേശീയ ദുരന്തം' തന്നെയായിരിക്കും. ●



# വെളിച്ചം കടന്നുവന്ന വഴി

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**
mail@nerpatham.com

**ചരിത്രപഥം**

“**നാം** (മുമ്പ്) വേദഗ്രന്ഥം നൽകിയിട്ടുള്ളതാർക്കാണോ അവർ നിനക്ക് അവതരിപ്പിക്കപ്പെട്ടതിൽ (ക്വുർആനിൽ) സന്തോഷം കൊള്ളുന്നു. ആ കക്ഷികളുടെ കൂട്ടത്തിൽ തന്നെ അതിന്റെ ചില ഭാഗം നിഷേധിക്കുന്നവരുമുണ്ട്. പറയുക: അല്ലാഹുവെ ഞാൻ ആരാധിക്കണമെന്നും അവനോട് ഞാൻ പങ്കുചേർക്കരുത് എന്നും മാത്രമാണ് ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത്. അവനിലേക്കാണ് ഞാൻ ക്ഷണിക്കുന്നത്. അവനിലേക്ക് തന്നെയാണ് എന്റെ മടക്കവും” (വിശുദ്ധ ക്വുർആൻ 13:36).

നബിതിരുമേനിﷺയുടെ സംരക്ഷകനായിരുന്ന പിതൃവ്യൻ അബൂത്വാലിബിന്റെയും പ്രിയപത്നി ഖദീജ(റ)യുടെയും മരണം ഒരേ വർഷം അടുത്തടുത്ത നാളുകളിലായിരുന്നു. തിരുമേനിയുടെ ദുഃഖ വർഷം. കാരണം, വേർപിരിഞ്ഞ രണ്ട് പേരും അദ്ദേഹത്തിന് താങ്ങും തണലുമായിരുന്നു. അതോടെ ബഹുദൈവ വിശ്വാസികൾ ഉപദ്രവങ്ങൾക്ക് കാഠിന്യം കൂട്ടി. താൻ ജനിച്ച് കളിച്ച് വളർന്ന തന്റെ നാട്ടിൽ ശാരീരികവും മാനസികവുമായ പീഡനങ്ങൾ താങ്ങാവുന്നതിലും അധികമായപ്പോൾ തിരുമേനിﷺ മക്കയിൽനിന്ന് പലായനം ചെയ്യുവാൻ

തീരുമാനിച്ചു. ത്വാഇഫിലേക്കാണ് അദ്ദേഹം കണ്ണുനട്ട ത്. ആ നാട്ടുകാരിൽ നല്ല പ്രതീക്ഷകളോടെ അദ്ദേഹം കാൽനടയായി യാത്ര തിരിച്ചു.

ത്വാഇഫിലെത്തിയ നബിﷺ അവരിലെ ഉത്തരവാദ പ്പെട്ടവരോട് തന്റെ ദൗത്യനിർവഹണത്തിന് തന്നെ സ ഹായിക്കണമെന്നും തനിക്ക് അഭയം നൽകണമെന്നും കേണപേക്ഷിച്ചിട്ടും അവർ കനിഞ്ഞില്ല. പത്ത് നാളു കൾ അവരുടെ പടിമുറ്റങ്ങളിൽ അഭയാർഥിയായി യാ ചിച്ചതിന് അവർ നൽകിയ കൈമടക്ക് പരിഹാസങ്ങ ളും കുത്തുവാക്കുകളും മാത്രമായിരുന്നു.

"മുഹമ്മദ്, നീ ഞങ്ങളുടെ നാടുവിട്ട് പൊയ്ക്കൊ ള്ളുക..."- ചിലരൊക്കെ ഇപ്രകാരം ഗർജിച്ചു. അവസാ നം അവർ, അവിവേകികളെയും അടിമകളെയും അദ്ദേ ഹത്തിനെതിരിൽ പ്രലോഭിപ്പിച്ച് ഇളക്കിവിട്ടു. ആക്ഷേ പങ്ങൾ, കല്ലേറുകൾ, കളിയാക്കിക്കൂവൽ തുടങ്ങിയ മു റകൾ അവർ പുറത്തെടുത്തതോടെ അദ്ദേഹം പ്രാണ നും കൊണ്ടോടി. അവർ കൂക്കിവിളിച്ച് പിറകെയും! ഓടുവാൻ ഉയർത്തുന്ന ഓരോ കാലും നോക്കി വഴിവ ക്കിൽ കല്ലുകളുമായി കാത്തുനിന്നവർ തിരുമേനിയെ എ റിഞ്ഞു. ഇരു കാലുകളിലും മുറിവുകൾ വീണു. രക്തം വാർന്നൊലിച്ചു...!

വാരകൾക്കപ്പുറം ഒരു മതിലിനുള്ളിലെ തോട്ടത്തിൽ തിരുമേനിﷺ തൽക്കാലം രക്ഷപ്രാപിച്ചു. ത്വാഇഫുകാർ ഏറും കൂവും മതിയാക്കി മടങ്ങി. മക്കയിൽ തന്റെ ബ ദ്ധവൈരികളായ ഉത്ബയുടെയും ശയ്ബയുടെയുമായി രുന്നു ആ തോട്ടം. അവർ സ്ഥലത്തുണ്ടായിരുന്നു. തി രുമേനിയുടെ നിണമണിഞ്ഞ കാലുകളും വിറക്കുന്ന ശ രീരവും പ്രാർഥനാമയമായ ചുണ്ടുകളും അവരെപ്പോ ലും അലിവുള്ളവരാക്കി. തങ്ങളുടെ ഭൃത്യൻ അദ്ദാസി നോട് ഒരു താലത്തിൽ കുറെ മുന്തിരിയെടുത്ത് തിരു മേനിക്ക് കൊടുക്കുവാനും അത് കഴിക്കുവാൻ ആവ ശ്യപ്പെടുവാനും അവർ കൽപിച്ചു.

മുന്തിരിയെടുക്കുവാൻ പാത്രത്തിൽ കൈവെച്ച തി രുമേനിﷺ 'ബിസ്മില്ലാഹ്' ചൊല്ലി അതിൽനിന്ന് ഭക്ഷിച്ചു.

അദ്ദാസ് തിരുമേനിയുടെ മുഖത്തേക്ക് ഉറ്റുനോക്കി. ശേഷം പറഞ്ഞു:

"അല്ലാഹുവാണ, ഈ വാക്ക് ഈ നാട്ടുകാർ പറയാ റില്ലല്ലോ."

നബിﷺ: "അദ്ദാസ്, താങ്കൾ ഏത് നാട്ടുകാര നാണ്? ഏത് മതവിശ്വാസിയാണ്?"

അദ്ദാസ്: "ഞാൻ നീനവാ ദേശത്തുകാരനാ ണ്; ക്രിസ്ത്യാനിയും".

നബിﷺ: "പുണ്യപുരുഷൻ യൂനുസ് ഇബ്നു മത്തായുടെ നാട്ടിൽ നിന്നാണോ?"

അദ്ദാസ്: "യൂനുസ് ഇബ്നു മത്തായെക്കുറി ച്ച് താങ്കൾക്ക് എന്തറിയാം?"

നബിﷺ: "യൂനുസ് ഇബ്നു മത്താ എന്റെ സ ഹോദരനാണ്. അദ്ദേഹം പ്രവാചകനാണ്. ഞാ നും പ്രവാചകനാണ്."

അതോടെ അദ്ദാസ് തിരുമേനിയെ ആലിംഗ നം ചെയ്തു; തുരുതുരാ ചുംബിച്ചു.

അദ്ദാസ് പറഞ്ഞു: "താങ്കൾ അല്ലാഹുവിന്റെ തിരുദാസനും ദൂതനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു."

രംഗം വീക്ഷിക്കുകയായിരുന്ന ഉത്ബയും ശ യ്ബയും അടക്കംപറഞ്ഞു:

"നമ്മുടെ ഭൃത്യനെയും മുഹമ്മദ് കേടാക്കി".

അദ്ദാസ് തിരിച്ചുവന്നപ്പോൾ അവർ രണ്ടുപേ രും പറഞ്ഞു:

"അദ്ദാസ്, നിനക്ക് നാശം. അയാളുടെ ശിര സ്സിലും മറ്റും ചുംബിക്കുവാൻ മാത്രം നിനക്കെ ന്ത് പറ്റി?"

അദ്ദാസ്: "യജമാനരേ, ഈ ഭൂമിയുടെ പരപ്പിൽ ആ മനുഷ്യനോളം ശ്രേഷ്ഠമായ യാതൊന്നുമില്ല. ഒരു പ്രവാചകനല്ലാതെ മറ്റാർക്കും അറിയാത്ത കാര്യങ്ങളാണ് അദ്ദേഹം എന്നോട് പറഞ്ഞത്."

ഉത്ബയും ശയ്ബയും പറഞ്ഞു: "അദ്ദാസ്, നിനക്ക് നാശം. നിന്റെ മതത്തിൽനിന്ന് അയാൾ നിന്നെ തെറ്റിക്കാതിരിക്കട്ടെ. നിന്റെ മതം അയാ ളുടെ മതത്തെക്കാൾ ഉത്തമമാണ്."

ഉപരി സൂചിത സംഭവം നടന്ന് വർഷങ്ങൾക്ക് ശേഷമുണ്ടായ ബദ്ർ യുദ്ധത്തിൽ തങ്ങളുടെ പ ക്ഷത്തുനിന്ന് യുദ്ധം ചെയ്യുവാൻ ഉത്ബയും ശ യ്ബയും അദ്ദാസിനോട് ആവശ്യപ്പെട്ടത് ചരിത്ര ത്തിൽ കാണാം.

അദ്ദാസ് അവരോട് പറഞ്ഞു: "മുമ്പ് നിങ്ങളു ടെ തോട്ടത്തിൽ ഞാൻ കണ്ട ആ വ്യക്തിയോ ടാണോ യുദ്ധം ചെയ്യുന്നത്? അല്ലാഹുവാണ, പർ വതങ്ങൾ പോലും അദ്ദേഹത്തോട് എതിരിട്ട് നിൽ ക്കുകയില്ല."

ഉത്ബയും ശെയ്ബയും പ്രതികരിച്ചു: "അദ്ദാ സ്, നിനക്ക് നാശം. മുഹമ്മദിന്റെ സംസാരം തീർ ത്ത മാസ്മരിക വലയത്തിൽ നീയും അകപ്പെട്ടി രിക്കുന്നു." ●



## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road
Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

ഡോ. ശബീൽ പി.എൻ
shabeelpn@gmail.com

ലേഖനം




**റോഹിങ്ക്യൻ മുസ്‌ലിംകൾ വംശവെറിയുടെ ഇരകൾ: 2**

# വംശഹത്യയിലേക്ക് നയിച്ച സൈനിക നടപടികൾ

**വംശഹത്യയുടെ തുടക്കം**

1971 മുതൽ 1973 വരെ നീണ്ടുനിന്ന ബംഗ്ലാദേശ് വിമോചന സമരം 10 മില്യൻ ആളുകളെയാണ് അഭയാർഥികളാക്കിയത് അവരിൽ കുറച്ചു പേർ റഖാഈൻ പ്രദേശത്തും എത്തി. ഇതേസമയം ബർമയിൽ മുസ്‌ലിംകളുടെ അംഗസംഖ്യ വർദ്ധിക്കുകയാണ് എന്നും ഇത് തങ്ങളുടെ നാടിന് ആപത്താണ് എന്ന് ബുദ്ധ ഭീകരസംഘടനകൾ പ്രചരിപ്പിച്ചു. ബുദ്ധ സന്ന്യാസിമാരുടെ നേതൃത്വത്തിൽ ബംഗാളി അഭയാർഥികളെ പുറത്താക്കാൻ വേണ്ടി തുടങ്ങിയ സമരം, അവരുടെ അടിസ്ഥാന ലക്ഷ്യമായ റോഹിങ്ക്യകളിലേക്കും വ്യാപിപ്പിച്ചു. ഇത് ആയിരക്കണക്കിന് മനുഷ്യരുടെ പലായനത്തിലും കൊലപാതകത്തിലും കലാശിച്ചു.

**സാബെ ഓപ്പറേഷൻ**

1974ൽ ജനറൽ ന്യൂവിൻ ആയിരക്കണക്കിന് റോഹിങ്ക്യകളുടെ തദ്ദേശ സർട്ടിഫിക്കറ്റുകൾ റദ്ദാക്കി അവരെ വിദേശികളാക്കി പ്രഖ്യാപിച്ചു. അതോടെ രണ്ടുലക്ഷം വരുന്ന റോഹിങ്ക്യകളെ ബംഗ്ലാദേശിലേക്ക് നാടുകടത്താൻ പട്ടാളനടപടികൾ തുടങ്ങി. ഇതേസ്ഥലത്ത് രാജ്യത്തിന്റെ വിവിധ ഭാഗത്ത് നിന്ന് വന്ന ബുദ്ധന്മാരെ പാർപ്പിക്കുകയും ചെയ്തു.

എന്നാൽ ബംഗ്ലാദേശ് ഭരണകൂടം ഇവരെ സ്വീകരിക്കാൻ വിസമ്മതിച്ചു. ബംഗ്ലാദേശിലെ അഭയാർഥിക്യാമ്പുകളിൽ കൊടിയ ദാരിദ്ര്യത്തിൽ ഇവർ കഴിഞ്ഞുകൂടി. 1978ൽ യു.എൻ ഹൈക്കമ്മീഷൻ അഭയാർഥികൾക്ക് വേണ്ടി ന്യൂവിനുമായി നടത്തിയ മധ്യസ്ഥ ചർച്ചയിൽ ഇവരെ ബർമയിൽ തന്നെ തുടരാൻ അനുവദിച്ചു. രാജ്യത്ത് തിരിച്ചുവന്നവരുടെ സ്വത്തും ഭവനങ്ങളും ആരാധനാലയങ്ങളുമെല്ലാം നാമാവശേഷമായിരുന്നു.


**കിംഗ് ഡ്രാഗൺ ഓപ്പറേഷൻ**

ജനറൽ ന്യൂവിന്റെ ഉത്തരവു പ്രകാരം 1978 ഫെബ്രുവരി 6ന് മുസ്‌ലിം ഭൂരിപക്ഷ ഗ്രാമമായ സാക്കിപാരയിൽ സൈന്യം അനധികൃത കുടിയേറ്റക്കാരെ പിടിക്കാൻ എന്ന ഓർഡർ പ്രകാരം കയറുകയും വ്യാപകമായ മനുഷ്യാവകാശ ലംഘനത്തിന് തുടക്കമിടുകയും ചെയ്തു. പിന്നെ അത് അനേകം ഗ്രാമങ്ങളിലേക്ക് പടർന്നു. അറാക്കാൻ പ്രദേശത്തെ മുഴുവൻ ആളുകളെയും അത് ബാധിച്ചു. 3 ലക്ഷത്തോളം പേർ കുടിയേറ്റക്കാരായി മുദ്രകുത്തപ്പെട്ടു. അവരിൽ പലരും കൊല്ലപ്പെട്ടു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ അക്രമങ്ങൾ നടന്നു. 1250 വീടുകൾക്ക് തീവെച്ചു.

1982ൽ റോഹിങ്ക്യരുടെ പൗരത്വം റദ്ദാക്കി. നൂറ്റാണ്ടുകൾ അവർ ജീവിച്ച രാജ്യത്ത് അവർ ഒന്നുമല്ലാതായി. രാജ്യത്ത് അവർ ജീവിക്കുന്നത് പോലും നിയമ ലംഘനമായി! വിദ്യാഭ്യാസം നേടുന്നതിന് നേരത്തെ അനുമതി നിഷേധിക്കപ്പെട്ട ഇവർ അതിനെതിരിൽ ശംബ്ദമുയർത്താൻ പോലും പറ്റാത്തവരായി. 135 വംശങ്ങൾക്കിടയിൽ പൗരത്വം ഇവർക്ക് മാത്രമാണ് നിഷേധിക്കപ്പെട്ടത്.

**കരിനിയമങ്ങൾ**

പൗരത്വം റദ്ദാക്കപ്പെട്ടതോടെ ഒരു മൗലിക അവകാശത്തിനും അവർക്ക് അർഹതയില്ലാതായി. ഭൂവുടമകളും കൃഷിക്കാരും മുക്കുവരുമായ എല്ലാതരം ആളുകളും അവകാശ സ്വാതന്ത്ര്യമില്ലാത്ത അനധികൃതരായിമാറി. അതോടെ അവരിൽ പലനിയമങ്ങളും പട്ടാള ഭരണകൂടം ചാർത്തി. വിദ്യാഭ്യാസം പാടെ നിഷേധിച്ചു. സഞ്ചാര സ്വാതന്ത്ര്യം അവരുടെ ഗ്രാമങ്ങളിൽ മാത്രമായി ചുരുക്കി. വിവാഹം കഴിക്കണമെങ്കിൽ അധികാരികളുടെ സമ്മതം വാങ്ങേണ്ടിവന്നു. ആരോഗ്യ സഹായമോ ചികിത്സയോ നൽകിയില്ല.




1994ൽ റോഹിങ്ക്യകൾക്ക് രണ്ടിലധികം കുട്ടികൾ പാടില്ല എന്ന നിയമം കൊണ്ടുവന്നു. ഭൂമി കൈമാറ്റം ചെയ്യുന്നതും ഭവനങ്ങൾ നിർമിക്കുന്നതും വിലക്കി.

**പൈ തായ ഓപ്പറേഷൻ**

1991ൽ ഉത്തര റഖൈൻ പ്രദേശത്ത് താമസിച്ചിരുന്ന ആളുകളെ ബുദ്ധഭീകരവാദികളുടെയും സന്ന്യാസിമാരുടെയും സഹായത്തോടെ പട്ടാളം പിടികൂടി; വീണ്ടും 2.5 ലക്ഷം അഭയാർത്ഥികളെ സൃഷ്ടിച്ചു. രാജ്യത്തെ ശുദ്ധീകരിക്കാനും ഭംഗിവരുത്താനും എന്ന പേരിൽ പട്ടാളം നടത്തിയ ഈ നടപടിയെ ഐക്യരാഷ്ട്ര അഭയാർഥി ഏജൻസി 'പട്ടാളം സ്പോൺസർ ചെയ്ത സാംസ്കാരിക ഉന്മൂലനം' എന്നാണ് വിശേഷിപ്പിച്ചത്.

**നാ സാ കാ അതിർഥിരക്ഷാ സേന**

1992ൽ പട്ടാള ഭരണകൂടം അതിർത്തിയിലെ അഭയാർഥി പ്രവാഹം തടയുവാൻ എന്ന പേരിൽ വടക്കൻ റഖൈൻ എന്ന പ്രദേശത്ത് പ്രത്യേകമായി നിയമിച്ചതാണ് നാ സാ കാ അതിർഥിരക്ഷാ സേന. അതോടെ അക്രമവും അനീതിയും മനുഷ്യവാശ ലംഘനങ്ങളും പ്രദേശത്ത് സ്ഥിരമായി. അടിസ്ഥാന ആവശ്യങ്ങൾക്ക് പോലും പട്ടാളത്തിന്റെ ആവശ്യത്തിന് കാത്തിരിക്കേണ്ട ആളുകളായി അവർ മാറി. അടിച്ചേൽപിക്കപ്പെട്ട കരിനിയമങ്ങൾ ലംഘിക്കുന്നവരെ ക്രൂരമായി പീഡിപ്പിച്ചു. ഇത് 2011ൽ പട്ടാളം ജനാധിപത്യ ഭരണ സംവിധാനത്തിനു വേണ്ടി വഴിമാറികൊടുക്കും വരെ തുടർന്നു. ലോകരാജ്യങ്ങളിൽ നിന്ന് പട്ടാള ഭരണകൂടത്തിന് ലഭിക്കുന്ന ഉപരോധങ്ങൾ

മാറിക്കിട്ടാൻ അവർ നടത്തിയ ഒരു തന്ത്രമായിരുന്നു ഇത്. ഔപചാരികമായി പട്ടാളം തന്നെയാണ് ഭരണം നടത്തിയത്.

രാജ്യത്ത് ചൈനീസ് പ്രൊജക്റ്റുകൾ ധാരാളമായി വരികയും അതിലെ അഴിമതികൾ ജനകീയ പ്രക്ഷോഭങ്ങൾക്ക് വഴിമാറുകയും ചെയ്തപ്പോൾ അതിൽനിന്ന് ശ്രദ്ധതിരിക്കാൻ ഭരണാധികാരികൾ വ്യാപകമായി റോഹിങ്ക്യൻ വിരുദ്ധ പ്രചാരണങ്ങളും അക്രമങ്ങളും അഴിച്ചുവിട്ടു. സ്വന്തം ആളുകളെ തന്നെ കൊലപ്പെടുത്തി, വ്യാജ ഏറ്റുമുട്ടലുകൾ സൃഷ്ടിച്ച് അവ റോഹിങ്ക്യകളുടെ തലയിൽ കെട്ടിവെച്ചാണ് ഭൂരിപക്ഷം വംശഹത്യകളും അരങ്ങേറിയത്.

2012 സെപ്തംബർ മാസത്തിൽ റോഹിങ്ക്യൻ മുസ്ലികളെ നാടുകടത്തുക എന്ന പ്രസിഡന്റ് തെയ്ൻ സെയിന്റെ പദ്ധതിക്ക് പിന്തുണയുമിയി ബുദ്ധ സന്ന്യാസി അശിൻ വിരാതുവും സംഘവും രംഗത്ത് വന്നു. എന്നാൽ ബുദ്ധന്റെ യഥാർഥ ആശയം ഉൾക്കൊണ്ട ബുദ്ധന്മാർ ഇതിന് എതിരായിരുന്നു. രാജ്യപുരോഗതിക്ക് അനിവാര്യ സംഭാവനകൾ നൽകിയ മുസ്‌ലിംകളെയും മറ്റ് ന്യൂനപക്ഷങ്ങളെയും ഉൾക്കൊണ്ട് സമാധാന പൂർണമായി ജീവിക്കണം എന്ന പക്ഷക്കാരായിരുന്നു ബുദ്ധ സന്ന്യാസി പ്രമുഖൻ ആര്യ വുദ്ദ ബെവൂദ്ദയെ പോലുള്ളവർ.

2012ൽ ഭരണകൂടവും ദേശീയതാവാദികളുടെയും അക്രമങ്ങൾ അഴിച്ചുവിട്ടപ്പോൾ നിരവധി ആളുകൾ കിട്ടിയ ബോട്ടുകളിലും ചെറുവഞ്ചികളിലുമായി രാജ്യം വിട്ടു. 2012 കാലഘട്ടത്തിൽ വിവിധ നാടുകളിൽ ഇവർ വന്നെത്താൻ തുടങ്ങിയതോടെ മനുഷ്യാവകാശലംഘനത്തിന്റെ ഞെട്ടിക്കുന്ന കഥകൾ പുറം ലോകമറിയാൻ തുടങ്ങി. സ്വതന്ത്രപത്ര പ്രവർത്തകരും മനുഷ്യാവകാശ പ്രവർത്തകരും നടത്തിയ ജീവൻ പണയംവെച്ചുള്ള പ്രവർത്തനങ്ങളാണ് ഈ മനുഷ്യക്കുരുതിയുടെ കഥ പുറംലോകമറിയാൻ കാരണമായത്.

### റോഹിങ്ക്യൻ അഭയാർഥികൾ ഇന്ത്യയിൽ

ഏകദേശം 36000 ഓളം റോഹിങ്ക്യകൾ ഇന്ത്യയിൽ അഭയാർഥികളായി കഴിയുന്നുണ്ട്. ജമ്മു, ഫരീദാബാദ്, ഡൽഹി, മേവാത്ത്, ഹൈദരാബാദ് എന്നിവിടങ്ങളിലെ പ്ലാസ്റ്റിക് കുടിലുകളിൽ പട്ടിണിയിലും പ്രയാസത്തിലുമാണ് അവർ കഴിയുന്നത്. ഭക്ഷണം, ശുദ്ധജലം, മരുന്നുകൾ, വസ്ത്രങ്ങൾ എന്നിവക്ക് അവർ ക്ഷാമം അനുഭവിക്കുന്നു. ഭാഷയറിയാത്തതും ഉത്തരേന്ത്യയിലെ കൊടും തണുപ്പും അവർക്ക് ജോലി ചെയ്യാൻ തടസ്സം നിൽക്കുന്നു.

ടാർപോളിൽ ഷീറ്റുകൾ കൊണ്ട് നിർമിച്ച, നിവർന്ന് നിൽക്കാൻ പോലും കഴിയാത്ത ഉയരം കുറഞ്ഞകൂരകളിൽ മൺ തറകളിൽ ആണ് അഞ്ചും ആറും പേരടങ്ങുന്ന കുടുംബങ്ങൾ താമസിക്കുന്നത്. താൽകാലിക ശൗച്യാലയങ്ങൾ പോലും ഇല്ലാത്ത ഇവരുടെ വാസസ്ഥലങ്ങൾ, അതിദയനീയ കാഴ്ചയാണ്. പ്രാണികളും കീടങ്ങളും നിറഞ്ഞ ഇത്തരം വാസസ്ഥലങ്ങളിൽ യു.എൻ നൽകിയ കാർഡുമായി ജീവിക്കുന്ന ഇവർക്ക് മക്കളുടെ അസുഖങ്ങൾ ഒരു ചോദ്യചിഹ്നമാണ്. വിദ്യാഭ്യാസത്തിന് തീരെ സാധ്യത യില്ലാതിരുന്ന ഇടങ്ങളിൽ മനുഷ്യാവകാശ പ്രവർത്തകരുടെ ഇടപെടൽ മൂലം ചെറിയ ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. ആഴ്ചയിൽ ഒന്നോരണ്ടോ ദിവസം കിട്ടുന്ന ഇരുന്നൂറോ മുന്നൂറോ രൂപയുടെ ജോലിയാണ് ഏക വരുമാനം. വിധവകളും അനാഥരുമായ ഒട്ടേറെ പേർ ഈ താൽകാലിക ഷെഡ്ഡുകളിലുണ്ട്.

ഓരോരുത്തർക്കും നഷ്ടപ്പെട്ട ഉറ്റവരുടെയും ഉടയവരുടെയും അനേകം കഥകൾ പറയാനുണ്ട്. ഭീകരത പിഴുതെറിഞ്ഞ ജീവിതത്തിൽ ഇന്ത്യയിലേക്ക് എത്തിപ്പെട്ട യാത്ര... പട്ടിണിയുടെയും പ്രയാസങ്ങളുടെയും പലായനം. പട്ടിണികിടന്ന് മരിച്ച പിഞ്ചുകുഞ്ഞുങ്ങളെ മറമാടാൻ പോലും കഴിയാതെയിരുന്ന നിസ്സഹായത. അതിർത്തികൾ, രാജ്യാന്തര നിയമങ്ങൾ, ജയിലുകൾ... യു.എൻ കാർഡിനു വേണ്ടി മാസങ്ങളുടെ കാത്തിരിപ്പ്... ഇതെല്ലാം മറന്ന് ജീവൻ തിരിച്ചുകിട്ടിയതിൽ ലോകസ്രഷ്ടാവിനെ സ്തുതിച്ച് മരത്തടികൾ താങ്ങായി നിർത്തി പ്ലാസ്റ്റിക്ക് ഷീറ്റുകളാൽ മറച്ച ആരാധനാലയങ്ങളിൽ സാഷ്ടാംഗം നമിച്ച് എഴുന്നേൽക്കുന്നത് കാണുമ്പോൾ നമ്മുടെ കണ്ണുകൾ നിറയാതിരിക്കില്ല.

ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട്, ഉടുതുണിയല്ലാത്ത മറൊന്നുമില്ലാതെ ഓടിരക്ഷപ്പെട്ട് ഒരു രാജ്യത്തിന്റെ ആതിഥേയത്വം പ്രതീക്ഷിച്ചെത്തിയ നിഷ്കളങ്കരായ ഈ മനുഷ്യർക്ക് എല്ലാ അർഥത്തിലുമുള്ള അഭയമാണ് വേണ്ടത്.

റോഹിങ്ക്യൻ മുസ്‌ലിംകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലിരുന്ന് സ്വപ്നം കാണുകയാണ്. സ്വന്തം നാട്ടിൽ, സ്വന്തം കുടുംബത്തോടൊത്ത്, വിശപ്പടക്കാൻ ആരെയും ആശ്രയിക്കേണ്ടതില്ലാത്ത, കൃഷിചെയ്തിരുന്ന നിലങ്ങളിൽ കൃഷിയിറക്കി അധ്വാനത്തിന്റെ ഫലം ഒരുമിച്ച് കൊയ്തെടുത്ത് ഒരുമിച്ച് സുഖദുഃഖങ്ങൾ പങ്കിട്ട് മനുഷ്യരായി ജീവിക്കാൻ സ്വാതന്ത്ര്യം ലഭിക്കുന്ന ഒരു കാലം.

ഉത്തരേന്ത്യയിലെ വെള്ളം ഐസാകുന്ന തണുപ്പിൽ എല്ലുന്തിയ ശരീരവുമായി, ഷെൽട്ടർ വളണ്ടിയർമാർ നൽകിയ ബിസ്ക്കറ്റ് പൊതികൾ ആർത്തിയോടെ വാങ്ങിച്ച് ഓടുന്ന നൂറുൽ ഇസ്‌ലാം എന്ന കുട്ടി ഓർമകളിൽ മായാതെ നിൽക്കുന്നു. ●

ബാലപഥം

അറബി കഥ

പുനരാഖ്യാനം: അബൂ തൻവീൽ
mail@nerpatham.com

# അബ്ദുല്ലക്ക് പറ്റിയ അബദ്ധം



പണ്ടു പണ്ട് ഒരു ഗ്രാമത്തിൽ അബ്ദുല്ല എന്ന് പേരുള്ള ഒരു വിദഗ്ധനായ ഒരു മരപ്പണിക്കാരനുണ്ടായിരുന്നു. ഒരു വലിയ മുതലാളിയുടെ കീഴിലായിരുന്നു അയാൾ പണിയെടുത്തിരുന്നത്. ഗ്രാമത്തിലെ കൂടുതൽ ആളുകളും അബ്ദുല്ല പണിതാലേ വീടു നിർമാണം ഭംഗിയായിപൂർത്തിയാകൂ എന്ന് ചിന്തിക്കുന്നവരായിരുന്നു. അത്രമാത്രം കൃത്യതയോയെടും ആത്മാർഥതയോടെയും സൂക്ഷ്മതയോടെയുമായിരുന്നു അബ്ദുല്ല തന്റെ ജോലി നിർവഹിച്ചിരുന്നത്. അതിനാൽ തന്നെ ഗ്രാമവാസികൾ എല്ലാവരും അബ്ദുല്ലയെ വളരെ സ്നേഹിക്കുകയും ചെയ്തിരുന്നു.

വർഷങ്ങൾ കുറേ കടന്നുപോയി. അബ്ദുല്ലയുടെ ചുറുചുറുക്കും ആരോഗ്യവും മെല്ലെ മെല്ലെ കുറഞ്ഞു വന്നു തുടങ്ങി. ഒരു അവധി ദിവസം അബ്ദുല്ല വീട്ടിൽ ഭാര്യയോടും മക്കളോടുമൊന്നിച്ചു ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ ദിവസങ്ങളായി താൻ മനസ്സിൽ ആലോചിച്ചു കൊണ്ടിരിക്കുന്ന കാര്യം വെളിപ്പെടുത്തി; താൻ ജോലിയിൽ നിന്നും വിരമിക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നതായിരുന്നു കാര്യം. കുടുംബവും അതിനോട് യോജിച്ചു. കാരണം വളരെ കാലം ഒരു പാട് പ്രയാസത്തോടെ ജോലിയും മറ്റു ഉത്തരവാദിത്തവുമായി ജീവിച്ച അബ്ദുല്ലക്ക് ഇനി വിശ്രമം ആവശ്യം തന്നെയാണ്. അതിനാൽ തന്നെ കുടുംബത്തിനും അതിൽ എതിർപ്പൊന്നുമുണ്ടായില്ല.

അടുത്ത ദിവസം അബ്ദുല്ല തന്റെ മുതലാളിയോട് താൻ ജോലിയിൽ നിന്നും വിരമിക്കാനുദ്ദേശിക്കുന്നതിനെ സംബന്ധിച്ച് സംസാരിച്ചു. പക്ഷേ, മുതലാളി സമ്മതിച്ചില്ല. അദ്ദേഹം പറഞ്ഞു: "ഞാൻ അവസാനമായി ഉണ്ടാക്കാനുദ്ദേശിക്കുന്ന ഒരു വലിയ വീടിന്റെ പണികൂടി പൂർത്തിയാക്കിയതിനു ശേഷം മാത്രമെ താൻ ജോലിയിൽ നിന്നും വിരമിക്കാവൂ."

അബ്ദുല്ല മനസ്സില്ലാ മനസ്സോടെ ഇത് തന്റെ ജീവിതത്തിലെ അവസാനത്തെ പദ്ധതിയാണെന്ന് തനിക്ക് ഉറപ്പ് തരാമെങ്കിൽ ഇത് കൂടി ഏറ്റെടുക്കാമെന്ന് സമ്മതിച്ചു.

ജോലിയിൽ നിന്നും വിരമിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചു നടക്കുന്ന അബ്ദുല്ലക്ക് മുതലാളി ഏൽപിച്ച വലിയ വീടിന്റെ പണിയിൽ കൃത്യമായ ശ്രദ്ധയും ആത്മാർഥതയും കാണിക്കാൻ മനസ്സുണ്ടായില്ല. കൂടെയുള്ളവർ ഇനി മുതൽ താനില്ലാതെ ജോലി ചെയ്യേണ്ടതല്ലേ; അവർ വേണമെങ്കിൽ ശ്രദ്ധിച്ചോട്ടെ, തന്നെക്കൊണ്ട് ഇത്രയൊക്കെയേ കഴിയൂ എന്ന മട്ടിലായിരുന്നു അബ്ദുല്ല.

ഏറ്റെടുത്ത ജോലി എത്രയും പെട്ടെന്ന് തീർക്കണമെന്ന ഒറ്റ ചിന്ത മാത്രമെ അബ്ദുല്ലക്ക് ഉണ്ടായിരുന്നുള്ളൂ. അതിനാൽ ശ്രദ്ധിക്കേണ്ട പല കാര്യങ്ങളിലും ശ്രദ്ധ കാണിച്ചില്ല. ഏതായാലും നിശ്ചയിച്ച ദിവസങ്ങൾക്കുള്ളിൽ തന്നെ വീടിന്റെ പണി പൂർത്തിയായി. അബ്ദുല്ലയുണ്ടാക്കിയതിൽ തീർത്തും സാധാരമായൊരു വീട് എന്നതിൽ കവിഞ്ഞ് ആ വീടിന് മറ്റൊരു പ്രത്യേകതയും ഉണ്ടാക്കാൻ അബ്ദുല്ല ശ്രമിച്ചതുമില്ല. സാധാരണ അയാൾ ഉണ്ടാക്കുന്ന ഓരോ പുതിയ വീടിനും എന്തെങ്കിലുമൊക്കെ പ്രത്യേകതയും ആകർഷണീയതയുമൊക്കെ ഉണ്ടാകുമായിരുന്നു.

അടുത്ത ദിവസം മുതലാളി വീട് കാണാനെത്തി. അബ്ദുല്ലയിൽ നിന്നും വീടിന്റെ താക്കോൽ വാങ്ങി. എന്നിട്ട് അവിടെ കൂടിയ മുഴുവൻ ജോലിക്കാരെയും മറ്റുള്ളവരെയും വിളിച്ച് വളരെ ആദരവോടെ അബ്ദുല്ലക്ക് ആ പുതിയ വീടിന്റെ താക്കോൽ നൽകി. എന്നിട്ട് പറഞ്ഞു: "ഇത്രയും നാൾ എന്നോടൊന്നിച്ച് വളരെ ആത്മാർഥമായി ജോലി ചെയ്ത അബ്ദുല്ലക്ക് ഈ വീട് എന്റെ ഒരു സമ്മാനമായി നൽകാൻ ഞാൻ ആഗ്രഹിക്കുന്നു."

# നാഥനെക്കുറിച്ച്...

ഹാരിസ്
mail@nerpatham.com

ഓടി ഓടി നീ വരൂ
പാടി പാടി നീ തരൂ
അറിവിൻ മുത്ത് കോർത്ത് വെച്ച
വരികളോതി നീ വരൂ

വാനിലമ്പിളിയെ തീർത്ത്
പൊൻ വെളിച്ചവും കൊടുത്ത്
താഴെ വീണിടാതെ നിർത്തും
നാഥനെക്കുറിച്ച്
(ഓടി ഓടി നീ വരൂ...)


നിന്നിടാത്ത തിരകളും
മുത്തുകൾ പവിഴവും
നിറഞ്ഞ കടലു തീർത്തൊരാ
നാഥനെക്കുറിച്ച്
(ഓടി ഓടി നീ വരൂ...)

വരണ്ട തോട് പുഴകളും
വറ്റിയ കുളങ്ങളും
മഴകളാൽ നിറച്ചൊരാ
നാഥനെക്കുറിച്ച്
(ഓടി ഓടി നീ വരൂ...)

കാലിലായ് നടന്നിടും
ഉദരമാൽ ഇഴഞ്ഞിടും
ജീവജാലവും പടച്ച
നാഥനെക്കുറിച്ച്
(ഓടി ഓടി നീ വരൂ...)

കരിച്ചിടും നരകവും
സുഖിച്ചിടാൻ സുവർഗവും
പടച്ച നീതിമാനവൻ
നാഥനെക്കുറിച്ച്
(ഓടി ഓടി നീ വരൂ...)

ഓടി ഓടി നീ വരൂ
പാടി പാടി നീ തരൂ
അറിവിൻ മുത്ത് കോർത്ത് വെച്ച
വരികളോതി നീ വരൂ



എല്ലാവർക്കും വളരെ സന്തോഷമായി. അപ്പോഴാണ് അബ്ദുല്ലക്ക് താൻ അവസാനമായി ചെയ്ത ജോലിയിൽ ആത്മാർഥത കാണിക്കാത്തതിന്റെ നഷ്ടം മനസ്സിലായത്. ചെയ്യുന്ന എല്ലാ ജോലിയിലും ഒരു പോലെ ആത്മാർഥതയും ശ്രദ്ധയും കൃത്യതയും പാലിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാൻ സാധിച്ചത്.

കൂട്ടുകാരേ, ഇഹലോകത്ത് നാം ചെയ്യുന്ന മുഴുവൻ സൽകർമങ്ങൾക്കും അർഹമായ പ്രതിഫലം നാളെ പരലോകത്ത് ലഭിക്കണമെങ്കിൽ നല്ല ഉദ്ദേശത്തോടെയും ആത്മാർഥതയോടെയും പ്രതിഫലം ആഗ്രഹിച്ചും ആയിരിക്കണം അവ ചെയ്യേണ്ടത്. അബ്ദുല്ലയുടെ കഥയിൽ നിന്ന് അതാണ് നമുക്ക് ലഭിക്കേണ്ട ഗുണപാഠം.

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com



ലേഖനം

# വിശ്വാസത്തിന്റെ ഏറ്റക്കുറവ്

"ദുർബലനായ വിശ്വാസിയെക്കാൾ അല്ലാഹുവിനിഷ്ടം ശക്തനായ വിശ്വാസിയെയാണ്. എല്ലാവരിലും നന്മയുണ്ട്. നിനക്ക് ഉപകാരമുള്ളതിൽ നീ താൽപര്യം കാണിക്കുക. അശക്തനാകരുത്. നിനക്ക് വല്ലതും ബാധിച്ചാൽ 'ഞാൻ ഇങ്ങനെ ചെയ്തിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നു' എന്ന് നീ പറയരുത്. മറിച്ച് 'അല്ലാഹു കണക്കാക്കി, അവൻ ഉദ്ദേശിച്ചത് പ്രവർത്തിച്ചു' എന്നാണ് നീ പറയേണ്ടത്. കാരണം 'ലൗ' (അങ്ങനെ ആയിരുന്നെങ്കിൽ) എന്ന വാക്ക് പിശാചിന്റെ പ്രവർത്തനത്തെ എളുപ്പമാക്കികൊടുക്കും" (മുസ്‌ലിം; കിതാബുൽ ഖദ്ർ).

വിശ്വാസപരമായ ഒട്ടനവധി ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രവാചക വചനമാണിത്. പൗരാണികരും ആധുനികരുമായ ഒട്ടനവധി പണ്ഡിതന്മാർ ഈ ഹദീഥിന് വിശദീകരണം എഴുതിയിട്ടുണ്ട്. ഹദീഥിൽ പരാമർശിക്കുന്ന സുപ്രധാന വിഷയങ്ങൾ താഴെക്കൊടുക്കുന്നു:

1. അല്ലാഹുവിന് സ്നേഹം എന്ന സ്വിഫത് (വിശേഷണം) ഉണ്ട്. അത് അക്ഷരാർഥത്തിലുള്ള സ്നേഹമാണ്.

2. അല്ലാഹുവിന്റെ സ്നേഹത്തിൽ വ്യക്തികളുടെ കർമങ്ങൾക്ക

നുസരിച്ച് ഏറ്റക്കുറച്ചിലുണ്ടാകും.

3. ആരാധനകളിലെ ഇഖ്‌ലാസും ആത്മാർഥതയും.

4. അല്ലാഹുവിൽ ഭരമേൽപിക്കുക.

5. ക്വളാഅ്, ക്വദ്‌റിലുള്ള വിശ്വാസം.

ഇമാം ഇബ്‌നുൽ ഖയ്യിം(റ) തന്റെ ശിഫാഉൽ അലീൽ എന്ന ഗ്രന്ഥത്തിൽ (1/59) ഈ ഹദീഥ് സവിസ്തരം വിശദീകരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: 'മതത്തിന്റെ പ്രത്യക്ഷവും പരോക്ഷവും മതനിയമങ്ങളും എല്ലാം ഈ വചനങ്ങളുടെ അടിസ്ഥാനത്തിലാണ്.'

ഹദീഥിന്റെ ഏകദേശ വിശദീകരണം നമുക്ക് മനസിലാക്കാം:

**ശക്തനായ വിശ്വാസി**

അല്ലാഹുവിന്റെ കൽപനകളും നിരോധനങ്ങളും ആവേശത്തോടെയും കരുത്തോടെയും നിർവഹിക്കുന്ന, ജനങ്ങളുമായി ഇടപഴകുമ്പോഴും പ്രബോധനമേഖലയിലും ക്ഷമ കൈക്കൊള്ളുന്ന ആളാണ് ശക്തനായ വിശ്വാസി. ഈമാനിൽ (വിശ്വാസത്തിൽ) ശക്തൻ എന്നർഥം. അതല്ലാത ശാരീരികമായ ശക്തിയല്ല. കാരണം ശാരീരിക ശക്തി അല്ലാഹുവിനെ ധിക്കരിക്കാൻ മനുഷ്യൻ ഉപയോഗിച്ചാൽ അത് അവന് ദോഷമാണ്. എന്നാൽ ഈമാനിന്റെ ശക്തി അങ്ങനെയല്ല; അത് ഗുണം മാത്രമെ ചെയ്യൂ.

ശാരീരിക ശക്തി എന്നു പറയുന്നത് അതിന്റെ സ്വത്വത്തിൽ നന്മയോ തിന്മയോ അല്ല. മറിച്ച് അത് ഉപയോഗിക്കുന്നിടത്താണ് നന്മയും തിന്മയും കടന്നുവരുന്നത്. ശൈഖ് സ്വാലിഹുൽ ഉഥൈമീൻ പറയുന്നു: 'ഈമാനിൽ ശക്തനായ വിശ്വാസി എന്നാണ് ഇവിടെ വിവക്ഷ. കാരണം ഈമാനിക ശക്തിയാണ് അല്ലാഹുവിന്റെ കൽപനകൾ പാലിക്കുന്നതിലേക്കും സുന്നത്തുകൾ വർധിപ്പിക്കുന്നതിലേക്കും അവനെ നയിക്കുന്നത്. എന്നാൽ വിശ്വാസം ദുർബലമാണെങ്കിൽ വാജിബാത്തുകൾ (നിർബന്ധകാര്യങ്ങൾ) ചെയ്യാനോ ഹറാമുകൾ (നിഷിദ്ധങ്ങൾ) വെടിയാനോ അത് അവനെ പ്രേരിപ്പിക്കുകയില്ല. അങ്ങനെ അവൻ ഈമാനിൽ ദുർബലനായിരിക്കും' (ശറഹു രിയാദുസ്സ്വാലിഹീൻ 1/459).

'എല്ലാവരിലും നന്മയുണ്ട്' എന്നാണ് പിന്നീട് പറയുന്നത്. ഈമാനിൽ കുറവുള്ളവർ നിരാശപ്പെടാതിരിക്കാൻ വേണ്ടിയാണിത്. സത്യനിഷേധിയെക്കാൾ എത്രയോ നല്ലവനാണ് വിശ്വാസി എന്ന കാര്യത്തിൽ സംശയമില്ല. അത് ഈമാൻ ശക്തമാണെങ്കിലും കുറവാണെങ്കിലും ശരി. ഇതൊരു സാഹിത്യ ശൈലികൂടിയാണ്. സംശയിക്കാൻ ഇടയുള്ള ഒരു ആശയത്തെ സംശയം ദുരീകരിക്കുന്ന രീതിയിൽ അവതരിപ്പിക്കുകയാണ് ഈ ഒരു വാക്കിലൂടെ' (ഉഥൈമീൻ).

'ഉപകാരമുള്ളതിൽ താൽപര്യം കാണിക്കണം' എന്നും ശേഷം നബിﷺ പറയുന്നു. 'അല്ലാഹുവിനോടുള്ള അനുസരണയും അവന്റെ പക്കലുള്ളതിലുള്ള പ്രതീക്ഷയുമാണിത്. അതിനുള്ള സഹായം രക്ഷിതാവിനോട് തേടണം. ഇതിൽ അശക്തനാകരുത്. മടികാണിക്കുയും അരുത്. കാരണം കർമങ്ങൾ ചെയ്യാൻ അല്ലാഹുവിന്റെ സഹായം അനിവാര്യമാണ്. ഇഹലോകത്തും പരലോകത്തും ഗുണം ലഭിക്കുന്ന കാര്യങ്ങളിലാണ് മനുഷ്യൻ തന്റെ അധ്വാനം ചെലവഴിക്കേണ്ടത്. ഇഹലോകത്തിന്റെ ഗുണവും പരലോകത്തിന്റെ ഗുണവും ഏറ്റുമുട്ടേണ്ടിവന്നാൽ പരലോകത്തിന് മുൻഗണന കൊടുക്കണം. കാരണം ദീൻ നന്നായാൽ ദുൻയാവും നന്നാകും. അതേ സ്ഥാനത്ത് ദീൻ കേടുവന്നാൽ, ദുൻയാവിന്റെ കൂടെ നിന്നാൽ ദുൻയാവും കേടുവന്നുപോകും.

സഹായതേട്ടം അല്ലാഹുവോട് മാത്രമെ പാടുള്ളൂ. ഭരമേൽപിക്കലും തഥൈവ. കാരണം സ്വയമായി ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവുള്ളവരല്ല സൃഷ്ടികൾ. അവർക്ക് അല്ലാഹുവിൽ നിന്നുള്ള സഹായം ലഭിക്കുക തന്നെ വേണം.

കർമങ്ങളിൽ നിന്നും പിന്മാറിപ്പോകുന്ന നിലക്ക് മനുഷ്യൻ അശക്തനാകരുത് എന്നും ഈ ഹദീഥ് പഠിപ്പിക്കുന്നു. അലസത മനുഷ്യനെ നിഷ്‌കർമിയാക്കും. അത് കൊണ്ട് തന്നെ പ്രവർത്തിക്കാനുള്ള ആവേശമാണ് വിശ്വാസിയിൽ വേണ്ടത്. അല്ലാഹുവോട് സഹായം തേടുകയും അധ്വാനിക്കുകയും ചെയ്ത ശേഷം ഉദ്ദേശത്തിനും ആഗ്രഹത്തിനും വിപരീതമായി വല്ലതും സംഭവിച്ചാൽ അങ്ങനെ ചെയ്തിരുന്നെങ്കിൽ... എന്നിങ്ങനെ പറയരുതെന്നും നബിﷺ പഠിപ്പിക്കുന്നു. കാരണം കാര്യങ്ങൾ നമ്മുടെ ഉദ്ദേശത്തിനപ്പുറമായിരിക്കും. അത് തീരുമാനിക്കുന്നത് അല്ലാഹുവാണ്. നാം കൽപിക്കപ്പെട്ടത് ചെയ്യുന്നു എന്നു മാത്രം. "അല്ലാഹു തന്റെ കാര്യം ജയിച്ചടക്കുന്നവനത്രെ. പക്ഷേ, മനുഷ്യരിൽ അധികപേരും അത് മനസ്സിലാക്കുന്നില്ല"(യൂസുഫ് :21).

'അങ്ങനെ ചെയ്തിരുന്നെങ്കിൽ' എന്നുള്ള വാക്ക് പിശാചിന്റെ പ്രവർത്തനങ്ങൾക്കുള്ള കവാടമാണ് എന്ന് നബിﷺ പഠിപ്പിക്കുന്നു. കാരണം നിരാശ, ദുഃഖം, വസ്‌വാസ് തുടങ്ങിയവ വർധിക്കാൻ ഇത് കാരണമാകും. നടക്കേണ്ടത് നടന്നു. അതിൽ മാറ്റം വരുത്താൻ നമുക്കാവില്ല. അതാകട്ടെ ആകാശഭൂമികളുടെ നടത്തിപ്പിനും മുമ്പ് ലൗഹുൽ മഹ്ഫൂളിൽ രേഖപ്പെടുത്തപ്പെട്ടതുമാണ്. "തീർച്ചയായും രക്ഷിതാവ് താൻ ഉദ്ദേശിച്ചത് തികച്ചും നടപ്പിലാക്കുന്നു" (ഹൂദ്: 108).

അപ്പോൾ ദുഃഖിക്കേണ്ട കാര്യം ഇവിടെ ഇല്ല. കാര്യങ്ങൾ ചെയ്യേണ്ടത് ചെ

യ്യുക. അല്ലാത്തപക്ഷം പിശാച് മനുഷ്യനെ പിടികൂടും. നന്മയിൽ നിന്ന് തെറ്റിക്കും. "ആ രഹസ്യ സംസാരം പിശാചിൽ നിന്നുള്ളത് മാത്രമാകുന്നു. സത്യവിശ്വാസികളെ ദുഃഖിപ്പിക്കാൻ വേണ്ടിയാകുന്നു അത്. എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതവർക്ക് യാതൊരു ഉപദ്രവവും ചെയ്യുന്നതല്ല. സത്യവിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിച്ചു കൊള്ളട്ടെ" (മുജാദില:10).

അല്ലാഹുവിനെ രക്ഷിതാവായി ഒരു വ്യക്തി തൃപ്തിപ്പെട്ടു കഴിഞ്ഞാൽ എന്തു സംഭവിച്ചാലും ഇത് അല്ലാഹുവിന്റെ തീരുമാനമാണെന്ന് പറയണം. അതു മനസ്സിനും ഹൃദയത്തിനും വിശാലത നൽകും. ശൈഖ് ഉഥൈമീൻ പറയുന്നു: "ഈ ഹദീഥ് അനുസരിച്ച് നാം ജീവിച്ചിരുന്നെങ്കിൽ നമുക്ക് ഒരുപാട് ആശ്വാസം ലഭിക്കുമായിരുന്നു."

**വിശ്വാസത്തിന്റെ വർധനവും കുറവും**

ഈമാൻ കൂടുകയും കുറയുകയും ചെയ്യും എന്നത് അഹ്‌ലുസ്സുന്നഃ വൽജമാഅഃയുടെ വിശ്വാസം തന്നെയാകുന്നു. ക്വുർആനിലെ അനേകം വചനങ്ങൾ ഇതിന് സാക്ഷിയാണ്. (അൻഫാൽ:2, തൗബ:124 നോക്കുക). ശക്തനായ വിശ്വാസി, ദുർബലനായ വിശ്വാസി എന്ന പ്രയോഗത്തിലൂടെ ഈ ആശയമാണ് നാം പഠിക്കേണ്ടത്. ഇബ്നുതൈമിയ്യ പറയുന്നു: "ഈമാൻ വാക്കും പ്രവൃത്തിയുമാണ്. അത് കൂടുകയും കുറയുകയും ചെയ്യും എന്ന കാര്യത്തിൽ സലഫുകളുടെ യോജിപ്പുണ്ട്" (മജ്മൂഉൽ ഫതാവ 7/672). ഇമാം അസ്ബഹാനി, ഔസാഈ തുടങ്ങിയവരെല്ലാം ഈ ആശയം പറഞ്ഞിട്ടുണ്ട് (വിശദമായ വിവരണം; ശറഹു ഉസൂലി ഇഅ്തിക്വാദി അഹ്‌ലുസ്സുന്നത്തി വൽ ജമാഅഃ, ലാലകാഇ).

ഖവാരിജുകളും മുഅ്തസിലികളുമാണ് ഈമാനിന്റെ വർധനവിനെയും കുറയലിനെയും അംഗീകരിരിക്കാത്ത കൂട്ടർ. ഈമാൻ പോയാൽ മുഴുവനും പോകും എന്നാണവരുടെ വാദം. മുർജിഅത്തും ഈ വാദം പ്രചരിപ്പിക്കുന്നവർ തന്നെയാണ്. ●


peaceradio
Tune to reality

**പ്രോഗ്രാം ഷെഡ്യൂൾ**

**ആരോഗ്യ വിചാരം**
**പ്രമേഹം: 2**
**ഡോ.അബ്ദുൽ ജലീൽ, ഡോ.റാം നാരായൺ**
(അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ജനറൽ മെഡിസിൻ എം.ഇ.എസ് മെഡി.കോളേജ്)
06.02.17 തിങ്കൾ 9:00 PM, 11:15 PM
07.02.17 ചൊവ്വ 10:30 AM

**ചുവരെഴുത്ത്**
**ഉസ്മാൻ ബിൻ അഫാൻ (റ)വും ഖുർആൻ ക്രോഡീകരണവും**
**അബ്ദുൽ ജബ്ബാർ മദീനി**
06.02.17 തിങ്കൾ, 8:20 AM
07.02.17 ചൊവ്വ, 12:20 AM, 8:20 AM

**സവിശേഷം**
**പെയ്ൻ & പാലിയേറ്റീവ് കെയർ സെന്ററുകളെ പരിചയപ്പെടുത്തുന്നു**
**കഴിശ്ശേരി പാലിയേറ്റീവ് യൂണിറ്റ്: 1**
07.02.17 ചൊവ്വ, 9:00 PM,11:15 PM
08.02.17 ബുധൻ, 10:30 AM

**സലഫി ദുറൂസ്**
**നുബുവത്തിന്റെ തെളിവുകൾ: 39**
**അബൂബക്കർ സലഫി**
02.02.17 വ്യാഴം, 4:30 PM, 9:30 PM
03.02.17 വെള്ളി, 9:30 AM

**ജനക്ഷേമം**
**ആരോഗ്യ വകുപ്പ് സേവനങ്ങൾ: 2**
**കെ.അബ്ദുൽ റഷീദ്** (ഹെൽത്ത് സൂപ്പർവൈസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അലനല്ലൂർ)
02.02.17 വ്യാഴം, 9:00 PM, 11:15 PM
03.02.17 വെള്ളി, 10:30 PM

**തജ്‌വീദ് പഠനം**
**സൂറത് തക്‌വീർ പാരായണ പഠനം**
**ഹാഫിള് അസ്‌ലം കുവൈത്ത്**
03.02.17 വെള്ളി, 7:45 PM
04.02.17 ശനി, 5:00 PM

**നിയമപാഠം**
**സേവനാവകാശങ്ങൾ: 6**
**അഡ്വ: രാജേഷ് നെടുമ്പ്രം**
(സേവനാവകാശ സമിതി സ്റ്റേറ്റ് സെക്രട്ടറി)
**സഹീർ ചിങ്ങത്ത്** (വിവരാവകാശ പ്രവർത്തകൻ)
**അൻവർ പുലാപ്പറ്റ**
03.02.17 വെള്ളി, 9:00 PM, 11:15 PM
04.02.17 ശനി, 10:30 AM

**ടീൻസ് ടൈം**
**യുവാക്കളിലെ മതപഠനം**
**ഷഫീഖ് സ്വലാഹി**
11.02.17 ശനി, 9:00 PM, 11:15 PM
12.02.17 ഞായർ, 10:30 AM

അൻവർ അബൂബക്കർ
manwar78.vkd@gmail.com

ലേഖനം

തീവ്രവാദം വെറുക്കുന്ന മതം: 3



# തീവ്രവാദത്തിന്റെ കടന്നുവരവ്

ശരിയായ ഇസ്‌ലാമിക ആദർശത്തിൽ നിന്നും വ്യതിചലിച്ചു പോകുന്ന, ലോകത്തിന് നാശം വിതക്കുന്നഒരു കൂട്ടരെ കുറിച്ച് അന്തിമദൂതൻﷺ പ്രവചിച്ചിട്ടുണ്ട്. പ്രസ്തുത കൂട്ടരുടെ വലയത്തിലാകാതിരിക്കാൻ വേണ്ട മുന്നറിയിപ്പുകളും അദ്ദേഹം നൽകിക്കഴിഞ്ഞു. ഹുനൈൻ യുദ്ധാനന്തരം യുദ്ധാർജിത സമ്പത്ത് വീതംവെക്കുന്ന സമയത്ത്, ദുൽഖുവൈസിറ എന്ന മനുഷ്യൻ തിരുദൂതരുടെ ഭാഗംവെക്കലിനെ പരസ്യമായി വിമർശിച്ചു. നീതിയോടുകൂടിയല്ല പ്രവാചകൻ പ്രവർത്തിച്ചതെന്നായിരുന്നു അയാളുടെ വാദം. ഞാൻ നീതി പാലിക്കുന്നില്ലെങ്കിൽ പിന്നെ വേറെ ആരാണ് നീതി പാലിക്കുക എന്ന് കാരുണ്യത്തിന്റെ നിറകുടമായ ആ പ്രവാചകൻ ആക്ഷേപകന് പ്രത്യുത്തരവും കൊടുത്തു. പ്രവാചകനോട് അപമര്യാദയായി സംസാരിക്കുകയും ശകാരിക്കുകയും ചെയ്ത ഈ വ്യക്തിയെ വെറുതെ വിട്ടുകൂടാ എന്ന നിശ്ചയത്തോടെ ഉമർؓ അന്നേരം അയാളെ വധിക്കുവാൻ പ്രവാചകനോട് അനുവാദം ചോദിച്ചു. അവനെ വിട്ടേക്കുവാനായിരുന്നു അന്തിമദൂതന്റെ കൽപന. അനന്തരം അയാളിൽ നിന്ന് പുറപ്പെടാൻ പോകുന്ന വിപത്തുകളെ കുറിച്ച് പ്രവാചകൻﷺ പ്രവചിക്കുകയുണ്ടായി. ഒട്ടുമിക്ക ഹദീഥ് ഗ്രന്ഥങ്ങളും നബിﷺയുടെ ഈ പ്രവചനങ്ങൾ രേഖീകരിക്കപ്പെട്ടിട്ടുള്ളതാണ്.

ഹദീഥ് ഗ്രന്ഥങ്ങളിലുള്ള പ്രസ്തുത മുന്നറിയിപ്പുകൾ ക്രോഡീകരിച്ചാൽ മുഹമ്മദ് നബിﷺ കരുതാൻ പറഞ്ഞവരുടെ സ്വഭാവം ഇപ്രകാരം ഗ്രഹിക്കാം: അവന് (ദുൽഖുവൈസിറക്ക്) ചില അനുയായികൾ വരാനിരിക്കുന്നു. നിങ്ങളിലൊരുത്തന്റെ നമസ്കാരവും അവരുടെ നമസ്കാരവും തുലനം ചെയ്യുകയാണെങ്കിൽ നിങ്ങളുടെ നമസ്കാരമൊക്കെ തുച്ഛമായി തോന്നും. അവരുടെ നോമ്പും നിങ്ങളുടെ നോമ്പും അതുപോലത്തന്നെ. അവർ ക്വുർആൻ ഓതുന്നതാണ്, എന്നാൽ അത് അവരുടെ തൊണ്ടക്കുഴിവിട്ട് താഴേക്കിറങ്ങുകയില്ല. അമ്പ് ഒരു വേട്ടമൃഗത്തെയും തുളച്ച് പുറത്തേക്ക് തെറിച്ചുപോകുന്നതുപോലെ അവർ ദീനിൽനിന്നും തെറിച്ചുപോകും. ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുന്ന കാലത്തും സമയത്തുമാണ് ഇവർ പ്രത്യക്ഷപ്പെടുക.

ഈ പ്രവചനങ്ങൾ നബിﷺയുടെ അനുയായികൾ ജീവിച്ചിരുന്ന കാലഘട്ടത്തിൽ തന്നെ പുലർന്നതാണ്. മേ പറഞ്ഞ വിശേഷണങ്ങളടങ്ങിയ ഒരു കൂട്ടമാളുകൾ ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ ദുരുപയോഗം ചെയ്തു, സമൂഹത്തിൽ രക്തച്ചൊരിച്ചിലുണ്ടാക്കി, സമാധാനാന്തരീക്ഷം പാടെ തകർത്തുകളഞ്ഞു. ചരിത്രത്തിൽ ഖവാരിജുകൾ എന്ന പേരിലാണ് ആ അക്രമികൾ അറിയപ്പെടുന്നത്. നബിﷺയുടെ പ്രവചനം പോലെ, ഖവാരിജുകൾ ക്വുർആൻ പാരായണം ചെയ്തിരുന്നു. പക്ഷേ, അതിന്റെ അധ്യാപനം ഗ്രഹിക്കാൻ അവർക്ക് സാധിച്ചില്ല; അത വരുടെ തൊണ്ടക്കുഴിയിൽ നിന്ന് താഴേക്കിറങ്ങിയില്ല. അല്ലാഹു ഉത്തമസമുദായമാണെന്ന് വിശേഷിപ്പിച്ച, പ്രവാചകൻﷺ ഈ നൂറ്റാണ്ടിലെ ഉത്തമരെന്ന് സാക്ഷ്യപ്പെടുത്തിയ അദ്ദേഹത്തിന്റെ അനുചരൻമാരെ കാഫിറുകളും (സത്യനിഷേധികളും) മുശ്‌രിക്കുകളും (ബഹുദൈവാരാധകരും) എന്നാക്ഷേപിച്ചാണ് ഈ കൂട്ടർ പ്രത്യക്ഷപ്പെട്ടത്. ഇത്രയും ഗൗരവതരമായ ആരോപണം പ്രവാചകാനുചരൻമാർക്കു നേരെ ഉന്നയിക്കാൻ അവർ ഉപയോഗപ്പെടുത്തിയത്, പരിശുദ്ധ ക്വുർആനിലെ 'ഇനിൽ ഹുക്മു ഇല്ലാ ലില്ലാഹ്' അഥവാ 'വിധികർതൃത്വം അല്ലാഹുവിന് മാത്രം' എന്നസൂക്തഭാഗമാണ്. മുസ്‌ലിംകൾക്കിടയിൽ വൈഷമ്യം സൃഷ്ടിച്ചുകൊണ്ട് രംഗപ്രവേശം ചെയ്ത അവർ പിന്നീട് പ്രവാചകന്റെ അനുയായികളുമായി ഏറ്റുമുട്ടുകയും തൻമൂലം കൊല്ലപ്പെടുകയുമാണ് ഉണ്ടായത്.



വിധികർതൃത്വം അല്ലാഹുവിന് മാത്രം എന്നു പറഞ്ഞുകൊണ്ട് ഖവാരിജുകൾക്ക് ശേഷം ചരിത്രത്തിലാരും ഉദയംചെയ്തിട്ടില്ലായിരുന്നു. എന്നാൽ സമീപകാലത്ത് അതിന് അപവാദമായി ചില സംഘങ്ങൾ പ്രത്യക്ഷപ്പെട്ടതായി നാം കാണുന്നു. നിലവിലുള്ള ഭരണകൂടങ്ങളെ അട്ടിമറിച്ച് തങ്ങളുടെ വികലമായ ആദർശത്തിലധിഷ്ഠിതമായ ഭരണം സ്ഥാപിക്കാൻ 'ജിഹാദി'നിറങ്ങാനുള്ള പോർവിളിയും മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങളുമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. പ്രസ്തുത സംഘങ്ങൾ പ്രചരിപ്പിക്കുന്ന ആദർശത്തിന്റെ വേര് എവിടെചെന്നെത്തുന്നു എന്നും, അവർ കൂറുപുലർത്തുന്നത് ആരോടാണ് എന്നും മുസ്‌ലിം ലോകം തിരിച്ചറിയേണ്ടതുണ്ട്.

പിഴച്ച കക്ഷിയായ ഖവാരിജുകൾ ഉന്നയിച്ച അതേ വാദഗതികൾ ഭേദഗതികളില്ലാതെ അവതരിപ്പിച്ചുകൊണ്ട് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഒരു വിഭാഗം പ്രത്യക്ഷപ്പെട്ടു. ഒരു നൂറ്റാണ്ട്പിന്നിടുമ്പോഴേക്കും ചികിത്സിക്കാൻ കഴിയാത്ത രൂപത്തിലുള്ള അനാരോഗ്യകരമായ വളർച്ചയാണ് അവർക്കുണ്ടായത്. മനുഷ്യന് യാതൊരുവിധത്തിലും വിധി നിർണയിക്കാനുള്ള അധികാരമില്ല എന്ന സമീപകാല ഒച്ചപ്പാടുകൾ അവരിൽ നിന്നാണ് ലോകം ശ്രവിച്ചത്.

നാലാം ഖലീഫയായ അലിرضي الله عنهവും അറിയപ്പെട്ട സ്വഹാബിയായ മുആവിയرضي الله عنهവും തമ്മിലുണ്ടായ തർക്കം യുദ്ധത്തിൽ കലാശിക്കുകയായിരുന്നു. സ്വഹാബികൾ

തമ്മിലുള്ള ഏറ്റുമുട്ടലിന്റെ പരിസമാപ്തിക്കുവേണ്ടി ശ്രമിച്ചപ്പോൾ, അനുരഞ്ജനത്തിന് ഇരുവിഭാഗത്തി നിന്നുമായി അബൂമുസൽഅശ്അരി﵁യും അംറുബ്നുൽ ആസ്വി﵁യും തെരഞ്ഞെടുക്കപ്പെടുകയും അവരുടെ വിധി അംഗീകരിക്കുവാൻ ഇരുകൂട്ടരും ധാരണയാവുകയും ചെയ്തു. പ്രസ്തുത നടപടിയെ നിരാകരിക്കുകയും അപലപിക്കുകയും ചെയ്തുകൊണ്ടാണ് ഖവാരിജുകൾ ഒരു കക്ഷിയായി പ്രത്യക്ഷപ്പെടുന്നത്. 'വിധികർതൃത്വം അല്ലാഹുവിന് മാത്രം' എന്ന് പരിശുദ്ധ ക്വുർആൻ മൂന്ന് സ്ഥലങ്ങളിലായി പറഞ്ഞത് (6:57, 10:40, 10:67) കാണാം. തദവസരത്തിൽ ഈ സൂക്തങ്ങളെയാണ് ദുർന്യായത്തിന് അവർ തെളിവ് പിടിച്ചത്. മധ്യസ്ഥൻമാരായി തെരഞ്ഞെടുക്കപ്പെട്ട 'മനുഷ്യർ'ക്ക് വിധിക്കുവാനുള്ള അധികാരമില്ലെന്നും അതിനുള്ള അധികാരം അല്ലാഹുവിന് മാത്രമാണെന്നുമായിരുന്നു അവരുടെ വാദം. വചനം സത്യമെങ്കിലും ഇവരുടെ ഉദ്ദേശ്യം തെറ്റാണെ അർഥവത്തായ മറുപടിയാണ് അന്നേരം അലി﵁ അവർക്ക് നൽകിയത്.

മതപരമായ (ശറഇയായ) നിയമങ്ങൾ ഉണ്ടാക്കാൻ അല്ലാഹുവിന് മാത്രമാണ് അധികാരമുള്ളത്; ഇത് അംഗീകരിക്കാത്തവർ മുസ്‌ലിംകളാവുകയില്ല. അല്ലാഹുവിന്റെ നിയമങ്ങൾക്ക് വിരുദ്ധമാകാത്ത ഭൗതികമാത്രമായ നിയമങ്ങളുണ്ടാക്കാൻ അല്ലാഹുവിന്റെ സൃഷ്ടികളായ മനുഷ്യർക്കും അവകാശമുണ്ട്. ഇവ രണ്ടും കൂട്ടിക്കലർത്തിയാണ് സമൂഹത്തിൽ ഖവാരിജുകൾ കുഴപ്പമുണ്ടാക്കിയത്. ഇതുതന്നെയാണ് ഇന്ന് ഖവാരിജുകളുടെ പിന്തുടർച്ചക്കാരും ചെയ്തുകൊണ്ടിരിക്കുന്നത്.

1941 ആഗസ്റ്റ് 26ന് ലാഹോറിലെ ഇസ്‌ലാമിയാ പാർക്കിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി രൂപീകരണ സമ്മേളനത്തോടു കൂടി ഈ അപശബ്ദം ലോകത്തിലേക്ക് വീണ്ടും പ്രസരിച്ചു. പ്രസ്ഥാന നായകൻ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി അവരുടെ ലക്ഷ്യം വിശദീകരിച്ചതിൽ ഇങ്ങനെ കാണാം: "ചുരുക്കത്തിൽ ജമാഅത്തിന്റെ മുമ്പിലുള്ള ലക്ഷ്യം നിസ്സാരമോ ലളിതമോ അല്ലെന്ന് ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെടുന്ന ഓരോ വ്യക്തിയും മനസ്സിലാക്കേണ്ടതുണ്ട്. ലോകത്തിലെ മുഴുവൻ ജീവിത വ്യവസ്ഥകളെയും മാറ്റിത്തിരുത്തേണ്ടവരാണ് അവർ. ധാർമികവും രാഷ്ട്രീയവും നാഗരികവും സാമ്പത്തികവും സാമൂഹികവുമായ സകല വ്യവസ്ഥകളെയും അവർക്ക് മാറ്റേണ്ടതുണ്ട്. ദൈവധിക്കാരത്തിന്റെ അടിത്തറയിൽ ഉയർത്തപ്പെട്ട സകല വ്യവസ്ഥകളെയും തുടച്ചുമാറ്റി ദൈവാനുസരണത്തെ ആധാരമാക്കിയുള്ള ഒരു വ്യവസ്ഥ അവർക്ക് സ്ഥാപിക്കേണ്ടതുണ്ട്. ഈ മാർഗത്തിൽ സകല പൈശാചിക ശക്തികളോടും അവർക്ക് ഏറ്റുമുട്ടേണ്ടതുണ്ട്. ഇതൊരു നിസ്സാര കാര്യമാണെന്ന് മനസ്സിലാക്കിയാണ് വരുന്നതെങ്കിൽ പ്രയാസങ്ങളുടെ പർവതങ്ങൾ അധികം വൈകാതെ തന്നെ അവരുടെ മനക്കരുത്ത് തകർക്കും. അതിനാൽ കാൽ മുന്നോട്ടെടുത്തുവെക്കുന്നതിന് മുമ്പ് ഓരോരുത്തരും നല്ലവണ്ണം മനസ്സിലാക്കണം, തങ്ങൾ ഏതൊരു മാർഗത്തിലാണ് കാലെടുത്തുവെക്കുന്നതെന്ന്. ഈ പാതയിൽ മുന്നോട്ടു നീങ്ങുന്നതും പിന്നോട്ട് വലിയുന്നതും ഒരു പോലെയല്ല. ഇവിടെ പിൻവലിയുന്നതിന്റെ അർഥം മുർതദ്ദാവുന്നതിന് സമമാണ്. ഈ ജമാഅത്തിൽ നിന്ന് പുറത്തുപോകുന്നത് മുർത്തദ്ദാവലാണ് എന്ന് പറഞ്ഞതിനർഥം; അല്ലാഹുവിന്റെ മാർഗത്തിൽ മുന്നോട്ട് കാലെടുത്ത് വെച്ചശേഷം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ആപത്തുകളും കണ്ട് പിൻമാറുന്നത് യഥാർഥത്തിൽ മുർത്തദ്ദാവലാണെന്നാണ് പറഞ്ഞത്" (ഇത് വ്യത്യസ്തമായ ഒരു സംഘടന, പ്രബോധനം ജ.ഇ. അമ്പതാം വാർഷിക പതിപ്പ്).

ഒന്നുകൂടി വ്യക്തമാക്കിക്കൊണ്ട് ജമാഅത്തിന്റെ സ്ഥാപകനേതാവ് പ്രവർത്തകരെ ഓർമിപ്പിച്ചു: "ഈ ഇസ്‌ലാമിക പാർട്ടി രൂപംകൊള്ളുന്നതോടെ അത് നിലവിൽ വന്ന ലക്ഷ്യസാക്ഷാത്കാരത്തിന്റെ മാർഗത്തിൽ ജിഹാദ് ആരംഭിക്കുകയായി. അനിസ്‌ലാമികമായ അടിത്തറകളിൽ നിലനിൽക്കുന്ന ഭരണവ്യവസ്ഥകൾ നശിപ്പിക്കുക, അവയെ വേരോടെ പിഴുതെറിയുക, പകരം വിശുദ്ധ ക്വുർആൻ അല്ലാഹുവിന്റെ വചനം എന്ന് വിശേഷിപ്പിച്ച നീതിനിഷ്ഠവും മധ്യമവുമായ നിയമങ്ങളുടെ അസ്തിവാരത്തിൽസ്ഥാപിതമായ സാമൂഹിക ക്രമം സംസ്ഥാപിക്കുക എന്നതാണത്. ഇവക്കെല്ലാം വേണ്ടി അത്യധ്വാനം ചെയ്യുന്നതിൽ നിന്ന് ഒഴിവാകാതിരിക്കുകയെന്നത് അതിന്റെ പ്രകൃതത്തിലും താൽപര്യത്തിലും പെട്ടതാണ്. ഈ പാർട്ടി ഇസ്‌ലാമിക സിദ്ധാന്തങ്ങളിലധിഷ്ഠിതമായ നിയന്ത്രണത്തിലും സത്യത്തിന്റെ സംസ്ഥാപനത്തിലും ഭരണസമ്പ്രദായത്തിന്റെ പരിവർത്തനത്തിനും സാധ്യമായ ശ്രമങ്ങൾ വ്യയം ചെയ്യുകയും ഈ മാർഗത്തിൽ ശരിയാംവിധം ജിഹാദ് നടത്തുകയും ചെയ്യുന്നില്ലെങ്കിൽ ലക്ഷ്യം പൂർത്തീകരിക്കുന്നതിലും പാർട്ടിയുടെ രൂപീകരണോദ്ദേശ്യം അന്വർഥമാക്കുന്നതിലും അത് പരാജയപ്പെട്ടതായാണ് കണക്കാക്കപ്പെടുക" (അബുൽ അഅ്‌ലാ മൗദൂദി, ജിഹാദ്, പേജ് 22).

ഏറെ വിശദീകരണത്തിനു ശേഷം മൗദൂദി പ്രസ്ഥാന പ്രവർത്തകരോട് ഊന്നിപ്പറയുകയാണ്: "ആരെങ്കിലും തന്റെ ലക്ഷ്യസാക്ഷാത്ക്കരണത്തിനായി പ്രവർത്തിക്കാതിരിക്കുകയും ഈ ബാധ്യത സംബന്ധിച്ച് അശ്രദ്ധനാവുകയും ചെയ്യുന്നുവെങ്കിൽ അവന്റെ അവകാശവാദം പൊള്ളയാണെന്ന് മനസ്സിലാക്കേണ്ടതാണ്. സത്യവിശ്വാസം അവന്റെ അകത്തളങ്ങളിൽ പ്രവേശിച്ചിട്ടില്ലെന്നാണതിനർഥം" (അതേ പുസ്തകം, പേജ് 25).

ശബീബ് സ്വലാഹി തിരൂരങ്ങാടി
mail@nerpatham.com

ലേഖനം

# തിരിച്ചറിയുക നാം ഈ അനുഗ്രഹങ്ങളെ



അല്ലാഹു അവന്റെ ഔദാര്യം കൊണ്ട് ഏറ്റവും കൂടുതൽ അനുഗ്രഹിച്ച സമുദായമാണ് മുസ്‌ലിംകൾ. അത് തിരിച്ചറിയുവാനും അതിന് കൂടുതൽ നന്ദി ചെയ്യുവാനും ശ്രമിക്കേണ്ടവരാണ് നാം; ധർമപാതയിൽ കർമനിരതരായി മുന്നേറേണ്ടവർ.

അല്ലാഹു പറയുന്നു: "മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു" (3:110).

ഇതര സമുദായങ്ങൾക്കില്ലാത്ത ഉത്തരവാദിത്തമാണ് അല്ലാഹു നമ്മെ ഏൽപിച്ചിട്ടുള്ളത്. വേദക്കാരെ സംബന്ധിച്ച് അല്ലാഹു പറയുന്നത് ഇപ്രകാരമാണ്: ."കീഴ്‌വണക്കം അല്ലാഹുവിന് മാത്രം ആക്കിക്കൊണ്ട് ഋജുമനസ്‌കരായ നിലയിൽ അവനെ ആരാധിക്കുവാനും നമസ്‌കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം" (98:5).

എന്നാൽ ഇതോടൊപ്പം തന്നെ ജനങ്ങൾക്ക് സാക്ഷിയാവുക എന്ന മഹാദൗത്യം അല്ലാഹു മുസ്‌ലിം സമൂഹത്തെ ഏൽപിച്ചതായി ക്വുർആൻ പറയുന്നത് കാണാം.

"അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി" (2:143).




## സാക്ഷിത്വം എന്ന അംഗീകാരം

ഉയിർത്തെഴുനേൽപ്പ് നാളിൽ മുമ്പ് കഴിഞ്ഞുപോയ സമുദായങ്ങളിൽ പെട്ടവർ അവരുടെ പ്രവാചകൻമാരെ കളവാക്കുമ്പോൾ ആ പ്രവാചകൻമാർ അവർക്കുള്ള സാക്ഷികളായി പറയുക മുഹമ്മദ് നബിയെയും അവിടുത്തെ അനുയായികളെയുമാണ്. അത് ഈ സമുദായത്തിന് അല്ലാഹു നൽകിയ വലിയ അംഗീകാരം കൂടിയാണ്.

അബൂസഈദിൽ ഖുദ്‌രി ﷺ പറയുന്നു: "തിരു നബി ﷺ പറഞ്ഞു: "ക്വിയാമത്ത് നാളിൽ നൂഹ് നബി ﷺ വിളിക്കപ്പെടും. അപ്പോൾ അദ്ദേഹം പറയും: 'എന്റെ രക്ഷിതാവേ, നിനക്കിതാ ഞാൻ ഉത്തരം ചെയ്തിരിക്കുന്നു.' അപ്പോൾ അല്ലാഹു ചോദിക്കും: 'നീ എന്റെ ദൂത് എത്തിച്ചില്ലയോ? അദ്ദേഹം പറയും: അതെ. അപ്പോൾ അദ്ദേഹത്തിന്റെ സമുദായത്തിനോട് ചോദിക്കപ്പെടും: നിങ്ങൾക്ക് അദ്ദേഹം ദൂത് എത്തിച്ചു തന്നില്ലയോ? അവർ പറയും: ഞങ്ങളിലേക്ക് ഒരു മുന്നറിയിപ്പ് കാരനും വന്നിരുന്നില്ല. അപ്പോൾ അല്ലാഹു (നൂഹ്) നബിയോട് ചോദിക്കും: ആരുണ്ട് നിനക്ക് വേണ്ടി സാക്ഷി പറയുവാൻ? അദ്ദേഹം പറയും: മുഹമ്മദ് നബിയും അവിടുത്തെ സമുദായവും. അപ്പോൾ അദ്ദേഹം ദൂത് എത്തിച്ചു എന്ന് മുഹമ്മദ് നബിയുടെ സമുദായം നൂഹ് നബിക്ക് വേണ്ടി സാക്ഷി പറയും, അവർക്കള്ള സാക്ഷി മുഹമ്മദ് നബി ആയിരിക്കും. അതാണ് അല്ലാഹു സൂചിപ്പിച്ചത്: അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി. (ബുഖാരി: 4487)

സലമത്ത് ബിൻ അക്വൂഅ് ﷺ പറയുന്നു: നബി പറഞ്ഞു: അല്ലാഹുവിന്റെ, ഭൂമിയിലുള്ള സാക്ഷികളാകുന്നു നിങ്ങൾ. അല്ലാഹുവിന്റ ആകാശത്തുള്ള സാക്ഷികളാകുന്നു മലക്കകൾ. (ത്വബ്‌റാനി-സ്വഹീഹുൽ ജാമിഅ്: 1490)

ജാബിർ ﷺ നിന്ന് നിവേദനം, റസൂൽ പറഞ്ഞു: സമൂഹമേ... ലോകത്തുള്ള ഏതൊരു സമൂഹത്തിലെ വ്യക്തിയും (പരലോകത്ത്) നമ്മുടെ സമുദായത്തിലെ അംഗമാവാൻ ആഗ്രഹിക്കാതെയില്ല. ഉയർത്തെഴുനേൽപ്പ് നാളിൽ അതാത് സമൂഹത്തിൽ പെട്ടവർ അവരുടെ പ്രവാചകൻമാരെ കളവാക്കുമ്പോൾ ആ പ്രവാചകൻമാർ അവരുടെ സമൂഹത്തിന് അല്ലാഹുവിന്റെ ദൂത് എത്തിച്ചു എന്നും അവർക്ക് സതുപദേശം നൽകി എന്നും നാം സാക്ഷി നിൽക്കും. (ഫത്ഹുൽ ബാരി 8:118)

ഇത്തരത്തിൽ ധാരാളം അനുഗ്രഹത്തിന് പാത്രമായവരാണ് മുസ്‌ലിം സമുദായം. അവയിൽ ചിലത് താഴെ സൂചിപ്പിക്കന്നു.

## ഏറ്റവും ആദരിക്കപ്പെട്ടവരും കാരുണ്യം ചെയ്യപ്പെട്ടവരും

ലോകത്താകമാനം കടന്നുവന്ന പ്രധാനപ്പെട്ട ജനവിഭാഗങ്ങളിൽ ഏറ്റവും ഉത്തമരും ആദരിക്കപ്പെട്ടവരുമായ സമുദായമാണ് മുഹമ്മദ് നബി ﷺ യും അവിടുത്തെ സമുദായവും. നമ്മൾ നേരിടുന്ന പരീക്ഷണങ്ങളിലൂടെ നമ്മിലേക്ക് അല്ലാഹു കാരുണ്യമാണ് ചെയ്യുന്നത്. അത് നാം തിരിച്ചറിയുകയാണ് വേണ്ടത്.

നബി ﷺ പറയുന്നു: നിങ്ങളിലൂടെ എഴുപത് സമുദായങ്ങൾ പൂർത്തീകരിക്കപ്പെട്ടു. അവരിൽ ഏറ്റവും ഉത്തമരും ആദരിക്കപ്പെട്ടവരുമായ സമുദായമാണ് നിങ്ങളുടെ സമുദായം. (അഹ്മദ്, തിർമുദി, ഇബ്നു മാജ, സ്വഹീഹുൽ ജാമിഅ്: 2301)

എന്റെ സമുദായത്തിന്റെ ഉപമ മഴയെ പോലെയാണ്. അതിന്റെ ആദ്യത്തിലാണോ അവസാനത്തിലാണോ ഗുണം എന്ന് അറിയുകയില്ല (സ്വഹീഹുൽ ജാമിഅ്:5854)

എന്റെ സമുദായം കാരുണ്യം ചെയ്യപെട്ടവരാകുന്നു. അവർക്ക് പരലോകത്ത് ശിക്ഷയില്ല. അവർക്കുള്ള ശിക്ഷ ഇഹലോകത്ത് വരുന്ന കുഴപ്പങ്ങളും ഭൂകമ്പങ്ങളും യുദ്ധങ്ങളും മറ്റു പരീക്ഷണങ്ങളുമാകുന്നു. (സ്വഹീഹുൽ ജാമിഅ്:1396)

## മറ്റു അനുഗ്രഹങ്ങൾ നബി വചനങ്ങളിൽ

പ്രവാചകൻമാരുടെ മരണ ശേഷം അവരുടെ അനുയായികൾ കാലക്രമേണ അവർ പഠിപ്പിച്ച തത്ത്വങ്ങളിൽ നിന്നും മുഴുവനായും വ്യതിചലിച്ച അവസ്ഥയാണ് മുൻ സമുദായങ്ങളുടെ ചരിത്രത്തിൽ നിന്നും കാണാൻ സാധിക്കുക. എന്നാൽ ഈ സമുദായത്തിന്റെ പ്രത്യേകതയായി

നബി പറയുന്നത് കാണുക:

വഴികേടിൽ ഒരുമിച്ച് കൂടുന്നതിനെ തൊട്ട് എന്റെ സമുദായത്തെ അല്ലാഹു സംരക്ഷിച്ചിരിക്കുന്നു (സ്വഹീഹുൽ ജാമിഅ്: 1786)

തീർച്ചയായും അല്ലാഹു ഈ സാമൂഹത്തിന് വേണ്ടി ഓരോ നൂറ്റാണ്ടിന്റെ തുടക്കത്തിലും ഒരു മത പരിഷ്കർത്താവിനെ നിയോഗിക്കുന്നതായിരിക്കും. (സ്വഹീഹുൽ ജാമിഅ്:1874)

നമ്മുടെ അണികളെ മലക്കുകളുടെ അണികൾ പോലുള്ള അണികളാക്കി. നമുക്ക് വേണ്ടി ഭൂമി മുഴുവനും ആരാധനക്കുള്ള കേന്ദ്രം (മസ്ജിദ്) ആക്കി. വെള്ളത്തിന്റെ ലഭ്യതക്കുറവിൽ അതിലെ മണ്ണ് ശുദ്ധീകരണത്തിനുള്ള വസ്തുവാക്കി മാറ്റി. അല്ലാഹുവിന്റെ സിംഹാസനത്തിനടിയിലുള്ള നിധിയിൽ നിന്നും സൂറത്തുൽ ബക്വറയിലെ അവസാന രണ്ട് വചനങ്ങൾ എനിക്ക് നൽകപ്പെട്ടു. അവ എന്റെ മുമ്പ് ഒരു നബിക്കും നൽകപ്പെട്ടിട്ടില്ല. (മുസ്‌ലിം)

നിങ്ങൾക്ക് മുമ്പ് ഒരാൾക്കും യുദ്ധാർജിത സ്വത്ത് അനുവദനീയമായിരുന്നില്ല, അത് അവർ ഒരുമിച്ച് കൂട്ടും. ആ സമയം ആകാശത്ത് നിന്നും തീ ഇറങ്ങിവന്ന് അത് ഭക്ഷിക്കകയും ചെയ്യുമായിരുന്നു. (സ്വഹീഹുൽ ജാമിഅ്: 5196)

### കൂടുതൽ പ്രതിഫലം നൽകപ്പെടുന്ന സമൂഹം

ഇമാം ബുഖാരി ഉദ്ധരിച്ച ഒരു നബി വചനത്തിന്റെ ആശയം കാണക: മുസ്‌ലിം ജൂത ക്രൈസ്തവ സമൂഹങ്ങളുടെ ഉപമ തനിക്കു വേണ്ടി പകൽ മുഴുവൻ കൂലിവേല ചെയ്യാൻ ഒരു കൂട്ടം ആളുകളെ വിളിച്ചവനെ പോലെയാണ്. ജോലിക്കർ ഉച്ച വരെ ജോലി ചെയ്യുകയും നിങ്ങളുടെ ജോലിയും കൂലിയും ഞങ്ങൾക്ക് വേണ്ട എന്ന് പറഞ്ഞ് ജോലി ഉപെക്ഷികയും ചെയ്തു. അദ്ദേഹം അവരോട് ജോലിപൂർത്തിയാക്കുവാനും കൂലി കൈപറ്റാനും ആവശ്യപെട്ടു. അവർ അത് വിസമ്മതിച്ചു. അപ്പോൾ മറ്റൊരു വിഭാഗത്തെ ജോലി പൂർത്തീകരിക്കാനായി അദ്ദേഹം വിളിച്ചു. അവർ അസർ നമസ്കാര സമയം വരെ ജോലി ചെയ്യുകയും മുമ്പുള്ളവർ പറഞ്ഞത് പോലെ ആവർത്തിക്കുകയും ചെയ്തു. അദ്ദേഹം ആദ്യത്തെ ആളുകളോട് പറഞ്ഞ മറുപടി തന്നെ ആവർത്തിച്ചു. അവർ വിസമ്മതിച്ചു. അപ്പോൾ മറ്റൊരു കൂട്ടരെ ജോലിക്ക് വിളിച്ചു. അവർ അസർ മുതൽ രാത്രി വരെയുള്ള കുറഞ്ഞ സമയം ജോലി ചെയ്തു. എന്നിട്ട് പകൽ മുഴുവൻ ജോലിചെയ്ത കൂലിയും കൈപറ്റി. ഇതാകുന്നു മറ്റുള്ളവരുടെയും, ഈ പ്രകാശം സ്വീകരിച്ചവരുടേയും ഉപമ.

**ഉയിർത്തെഴുനേൽപ്പ് നാളിൽ മുമ്പ് കഴിഞ്ഞുപോയ സമുദായങ്ങളിൽ പെട്ടവർ അവരുടെ പ്രവാചകൻമാരെ കളവാക്കുമ്പോൾ ആ പ്രവാചകൻമാർ അവർക്കുള്ള സാക്ഷികളായി പറയുക മുഹമ്മദ് നബിയെയും അവിടുത്തെ അനുയായികളെയുമാണ്. അത് ഈ സമുദായത്തിന് അല്ലാഹു നൽകിയ വലിയ അംഗീകാരം കൂടിയാണ്.**

ഇതിൽ ഒന്നാമത്തെ കൂട്ടർ ജൂതൻമാരും രണ്ടാമത്തെ കൂട്ടർ ക്രൈസ്തവരും ആണെന്ന് മറ്റൊരു റിപ്പോർട്ടിൽ കാണാം.

### പരലോകത്ത് ലഭിക്കുന്ന അനുഗ്രഹങ്ങൾ

വുദ്വൂഇന്റെ അവയവങ്ങൾ പ്രകാശിക്കുന്നവരായികൊണ്ടാണ് എന്റെ സമൂഹം കൊണ്ടുവരപ്പെടുക എന്ന് നബിﷺ പറഞ്ഞു. (മുത്തഫഖുൻ അലൈഹി)

മറ്റൊരിക്കൽ നബി പറഞ്ഞു: നമ്മൾ അന്തിമ സമുദായവും ആദ്യം വിചാരണ ചെയ്യപെടുന്നവരുമാകുന്നു. നിരക്ഷരനായ പ്രവാചകന്റെ സമുദായം എവിടെ എന്ന് ചോദിക്കപ്പെടും. നാം അന്തിമ സമൂഹം, ആദ്യമായി സ്വർഗ പ്രവേശനം നൽകപ്പെടുന്ന സമൂഹം. (ഇബ്നുമാജ, സ്വഹീഹുൽ ജാമിഅ്: 6749)

### ഈ സമുദായത്തിൽ പെട്ടവരായിരിക്കും സ്വർഗത്തിൽ കൂടുതലായി ഉണ്ടാവുക

നബി പറഞ്ഞു: പൗർണമിയിലെ ചന്ദ്രനെപോലെ മുഖം പ്രകാശിക്കുന്നവരായും, ഒരാളുടെ ഹൃദയത്തെ പോലുള്ള ഹൃദയത്തിന്റെ ഉടമകളായും, വിചാരണചെയ്യപ്പെടാത്തവരായും എന്റെ സമൂഹത്തിൽ നിന്നും സ്വർഗത്തിൽ പ്രവേശിക്കുന്ന എഴുപതിനായിരം ആളുകളെ എനിക്ക് നൽകപ്പെട്ടു. അപ്പോൾ എന്റെ റബ്ബിനോട് ഞാൻ കൂടുതൽ ആവശ്യപ്പെട്ടു. അപ്പോൾ എന്റെ റബ്ബ് ഓരോ ആളുകളുടെയും കൂടെ എഴുപതിനായിരം വർധിപ്പിച്ചു തന്നു. (അഹ്മദ്, സ്വഹീഹുൽ ജാമിഅ്: 1057)

നബി പറഞ്ഞു: തീർച്ചയായും സ്വർഗവാസികൾ 120 അണികളിലായി(അണിനിര)ക്കും. അവരിൽ 80 അണികൾ എന്റെ സമുദായവും അവശേഷിക്കുന്ന 40 അണികൾ ഇതര സമൂഹങ്ങളുമായിരിക്കും.(അഹ്മദ്, തിർമുദി, സ്വഹീഹുൽ ജാമിഅ് 2526)

ഇത്തരത്തിൽ എണ്ണിതിട്ടപ്പെടുത്താൻ കഴിയാത്ത അനുഗ്രഹങ്ങളാണ് അല്ലാഹു നമുക്ക് ചെയ്തുതന്നിട്ടുള്ളത്. അത് തിരിച്ചറിഞ്ഞ് നന്ദിയുള്ള അടിമകളായി നാം മാറുക. അതാണ് അല്ലാഹു നമ്മോട് ആവശ്യപ്പെടുന്നത്.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക.നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്."(3:102) ●

ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com

ശാന്തിഗേഹം

വ്യക്തിപരവും കുടുംബപരമായ പ്രശ്നങ്ങളിൽ അകപ്പെട്ട് നീറുന്ന മനസ്സുമായി ജീവിതം തള്ളിനീക്കുന്നവർക്ക് ആശ്വാസം പകരുന്നതും പരിഹാര മാർഗങ്ങൾ നിർദേശിക്കുന്നതുമായ പംക്തിയാണ് 'ശാന്തിഗേഹം.' വായനക്കാർക്ക് ഈ പംക്തിയിലേക്ക് താഴെ കൊടുക്കുന്ന വാട്സാപ്പ് നമ്പറിൽ ചോദ്യങ്ങൾ അയക്കാവുന്നതാണ്: 9656292244

# ഭർതൃമാതാവിൽ നിന്ന് പീഡനം

*ചോദ്യം: എന്റെ വിവാഹം കഴിഞ്ഞിട്ട് കുറച്ച് വർഷങ്ങളായി. ഭർതൃ മാതാവിൽ നിന്നും വളരെയധികം മാനസിക പീഡനം അനുഭവിക്കേണ്ടിവരുന്നു. ഭർത്താവിന്റെ ഭാഗത്തു നിന്നും ഒരു പരിഹാരം ഉണ്ടാകുന്നില്ല. മാനസിക, ശാരീരിക രോഗങ്ങൾ പ്രയാസപ്പെടുത്തിക്കൊണ്ടിരിക്കുന്ന എനിക്ക് ചെറിയ മക്കളുണ്ട്. ഇത്തരം ഒരു സാഹചര്യത്തിൽ ഭർത്താവിൽ നിന്നും വിവാഹ മോചനം ആവശ്യപ്പെടുന്നതിൽ തെറ്റുണ്ടോ?*

ഉത്തരം: ധാരാളം സഹോദരിമാർ ചോദിക്കാനാഗ്രഹിക്കുന്ന ഒരു ചോദ്യമാണിത്. അതുകൊണ്ടു തന്നെ ഇതിന്റെ ഉത്തരം പലർക്കും പ്രയോജനകരമാകുമെന്ന് കരുതുന്നു.

വിവാഹം കഴിച്ചു കൊണ്ടുവരുന്ന തന്റെ ഭാര്യക്ക് മാന്യമായ താമസ സൗകര്യവും സുഖകരമായ ജീവിതവും ഉറപ്പാക്കി കൊടുക്കുക എന്നത് ഭർത്താവിന്റെ കടമയിൽ പെട്ടതാണ്. "നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് നിങ്ങൾ അവരെ താമസിപ്പിക്കണം. അവർക്ക് ഞെരുക്കമുണ്ടാക്കാൻ വേണ്ടി നിങ്ങൾ അവരെ ദ്രോഹിക്കരുത്" (ക്വുർആൻ 65:6).

ഭർത്താവിന്റെ കൂടെയാണ് ഭാര്യ താമസിക്കേണ്ടത് എന്നും അവർക്ക് മനഃപൂർവം പ്രയാസങ്ങളുണ്ടാക്കാൻ പാടില്ലെന്നും ഈ ക്വുർആൻ വചനത്തിൽ നിന്നും വ്യക്തമാകുന്നു. ഒരു സ്ത്രീക്ക് ആവശ്യമായ സൗകര്യങ്ങളും സുരക്ഷിതത്വവും ഏർപെടുത്തി കൊടുക്കേണ്ട ബാധ്യത ഭർത്താവിനുണ്ട്. ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്ന ഒരു നബി വചനത്തിൽ ഇങ്ങനെ കാണാം: "സ്ത്രീകളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ അല്ലാഹുവിന്റെ പേരിലുള്ള ഒരു അമാനത്ത് എന്ന നിലയ്ക്കാണ് അവരെ സ്വീകരിച്ചത്. അല്ലാഹുവിന്റെ നാമത്തിൽ അവരെ നിങ്ങൾക്ക് അവൻ അനുവദിച്ചു തരികയും ചെയ്തിരിക്കുന്നു." ഇതിൽ വീഴ്ച വരുത്തുന്നത് മനഃപൂർവമാണെങ്കിൽ അത് ഈ സഹോദരിയുടെ ഭർത്താവിനെ പ്രതികൂലമായി ബാധിക്കും.

ഇവിടെ ഉയരുന്ന മറ്റൊരു ചോദ്യം, ഉപദ്രവിക്കുന്ന ഭർതൃമാതാവിനെ പരിചരിച്ച് അവരോടൊപ്പം തന്നെ ജീവിക്കാൻ ഈ സഹോദരിയെ നിർബന്ധിക്കേണ്ടതുണ്ടോ എന്നതാണ്. ഇങ്ങനെയുള്ള മാതാവിന്റെയും ഭാര്യയുടെയുമിടയിൽ അങ്ങേയറ്റത്തെ മാനസിക സംഘർഷമാണ് ഭർത്താവിന് അനുഭവിക്കേണ്ടിവരിക. ഇവിടെ ഒരു പരാതിക്കാരിയാവാതെ ഭർത്താവിന്റെ മനസ്സറിഞ്ഞ് അയാളോടൊപ്പം നിന്ന് പരിഹാരത്തിന്റെ പ്രായോഗിക മാർഗങ്ങൾ അന്വേഷിക്കുന്നതാണ് ഗുണകരം.

പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ജീവിതത്തിന്റെ ഭാഗമാണെന്ന് മനസ്സിലാക്കുകയും അതിന് തനിക്ക് പരലോകത്ത് പ്രതിഫലവും ഇഹലോകത്ത് എളുപ്പവും വൈകാതെ വരും എന്ന പ്രതീക്ഷ ഉണ്ടാവുകയും വേണം. വിവാഹമോചനം പരിഹാരമാകുന്ന ചില സന്ദർഭങ്ങളുണ്ട്. എന്നാൽ തനിക്കും തന്റെ പിഞ്ചുമക്കൾക്കും ഭർത്താവിനും കൂടുതൽ പ്രയാസവും അനാഥത്വവും ദുരിതവുമാണ് വരുത്തുകയെങ്കിൽ ഇപ്പോഴുള്ള അവസ്ഥ തുടരുന്നതായിരിക്കും നല്ലത്.

അനുഭവങ്ങൾ പറയുന്നത് ക്ഷമിക്കേണ്ട സന്ദർഭങ്ങളിൽ ക്ഷമ കൈവിട്ട് കടുത്ത തീരുമാനങ്ങൾ എടുത്തവർക്ക് പിന്നീട് ഖേദിക്കേണ്ടി വന്നിട്ടുണ്ട് എന്നാണ്. എന്നാൽ ക്ഷമിച്ചുനിന്നവരാകട്ടെ സ്വന്തമായൊരു വീട്ടിൽ മുതിർന്ന മക്കൾക്കൊപ്പം ഭർത്താവുമൊത്ത് സന്തോഷകരമായ കുടുംബജീവിതം നയിക്കുന്നു എന്നു മാത്രമല്ല; ഭർതൃമാതാവ് പിൽക്കാലത്ത് അവരുടെ കുടുംബത്തിന്റ ഭാഗമായി മാറുകയും മുമ്പു ചെയ്തുപോയ തെറ്റുകളിൽ കുറ്റബോധത്തോടെയും മനസ്സാക്ഷിക്കുത്തോടെയും അവരോടൊപ്പം ജീവിക്കുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്യാൻ സാധിക്കുന്നുവെങ്കിൽ അതായിരിക്കും ഈ ചോദ്യകർത്താവിനും ഇതുപോലുള്ളവർക്കും ഏറ്റവും നല്ലത്. ഇത്തരം സഹോദരിമാരുടെ ജീവിത പ്രയാസങ്ങൾ നീക്കി അല്ലാഹു ആശ്വാസകരമായ ജീവിതം പ്രദാനം ചെയ്യട്ടെ.

അഷ്റഫ് എകരൂൽ
ashrafekarul@gmail.com



# മക്കൾ
## ഒരു ഇസ്‌ലാമിക വായന

ഇസ്‌ലാമിക് പാരന്റിംഗ്: 4

ഇസ്‌ലാമിക് പാരന്റിംഗ് എന്ന ദൗത്യനിർവഹണമേറ്റടുക്കുന്നവർ ആരാണ്/എന്താണ് മക്കൾ എന്നതിന്റെ ശരിയായ ഉത്തരം കണ്ടെത്തേണ്ടതുണ്ട്. ഏതൊന്നിന്റെയും പ്രകൃതിയെ അതിന്റെ ഉൽഭവ സ്രോതസ്സിൽ നിന്നും അടുത്തറിയുമ്പോൾ മാത്രമാണ് ക്രിയാത്മകമായി അതിനോട് ഇടപഴകാൻ കഴിയുക. ആരാണോ മക്കളെ നമ്മുടെ കയ്യിൽ ഏൽപിച്ചവൻ അവനാണ് ഈ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകാൻ കഴിയുന്നവൻ.

മക്കളുമായുള്ള ബന്ധത്തിന്റെ ആഴവും പരപ്പും പരിധിയും പരിമിതിയും എന്താണ്? അവരുടെ വളർച്ച, തളർച്ച, ചിലപ്പോൾ ഇടക്ക് വെച്ചുള്ള നഷ്ടം (മരണം) തുടങ്ങിയ ഘട്ടങ്ങളിൽ നാം നിലനിർത്തേണ്ട കാഴ്ചപ്പാടുകളും സ്വീകരിക്കേണ്ട നിലപാടുകളും എന്താണ്? വിശുദ്ധ ക്വുർആനിലും നബി ജീവിതത്തിലും സന്താനങ്ങളെ വ്യത്യസ്ത രീതികളിൽ നമുക്ക് നിർവചിച്ച് തരുന്നുണ്ട്.

മക്കളോടുള്ള സ്നേഹവും താൽപര്യവും ഇഷ്ടവും മക്കളുണ്ടാകാനുള്ള അടങ്ങാത്ത ദാഹവുമെല്ലാം ജൈവഗുണമായി അല്ലാഹു മനുഷ്യനിൽ നിക്ഷേപിച്ച കാര്യമാണ്. ഇതില്ലായിരുന്നെങ്കിൽ ഭൂമിയിൽ മനുഷ്യവംശം നിലനിൽക്കില്ലായിരുന്നു.

1. ഭൗതിക ജീവിതത്തിന്റെ അലങ്കാരമാണ് മക്കൾ: മക്കളെ കാണുമ്പോൾ കണ്ണുകൾക്ക് കുളിർമയും മനസ്സുകൾക്ക് ആനന്ദവും ഹൃദയത്തിൽ സന്തോഷവും ജനിക്കുന്നു. അല്ലാഹു പറയുന്നു: "മക്കളും സമ്പത്തും ഭൗതിക ജീവിതത്തിന്റെ അലങ്കാരങ്ങളാകുന്നു.." (അൽകഹ്ഫ്:42).

"ഭാര്യമാർ, മക്കൾ, കൂമ്പാരമായിക്കൂട്ടിയ സ്വർണം, വെള്ളി, മേത്തരം കുതിര

കൾ, നാൽകാലി വർഗങ്ങൾ, കൃഷിയിടം എന്നിങ്ങനെ ഇഷ്ടപ്പെട്ട വസ്തുക്കളോടുള്ള പ്രേമം മനുഷ്യർക്ക് അലങ്കാരമായി തോന്നിക്കപ്പെട്ടിരിക്കുന്നു. അതൊക്കെ ഇഹലോകജീവിതത്തിലെ വിഭവങ്ങളാകുന്നു...'' (ആലുഇംറാൻ 3:14).

2. മക്കൾ സ്രഷ്ടാവിന്റെ ദാനമാണ്: ഇസ്‌റാഈൽ സന്താനങ്ങളെ അഭിസംബോധന ചെയ്തു കൊണ്ട് അല്ലാഹു പറയുന്നു: "സ്വത്തുക്കളും സന്താനങ്ങളും കൊണ്ട് നിങ്ങളെ നാം പോഷിപ്പിക്കുകയും നിങ്ങളെ നാം കൂടുതൽ സംഘബലമുള്ളവരാക്കിത്തീർക്കുകയും ചെയ്തു...'' (അൽഇസ്‌റാഅ്: 6).

3. സൂക്ഷ്മാലുക്കളുടെ മാർഗത്തിലായിരിക്കുവോളം മക്കൾ കൺകുളിർമയാണ്: അല്ലാഹുവിന്റെ ഏറ്റവും ഇഷ്ട ദാസൻമാരുടെ ഗുണവിശേഷണങ്ങൾ വിവരിക്കുന്നിടത്ത് അല്ലാഹു പറയുന്നു:

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ'' (അൽഫുർക്വാൻ: 74).

മക്കളോട് കാണിക്കുന്ന കാരുണ്യം അല്ലാഹു ഹൃദയത്തിൽ ഉണ്ടാക്കുന്നതാണെന്നും അതില്ലാത്തവൻ ദൈവാനുഗ്രഹം തടയപ്പെട്ടവനാണെന്നും റസൂൽﷺ പഠിപ്പിച്ചിട്ടുണ്ട്. ആഇശ رضي الله عنها നിവേദനം ചെയ്യുന്ന ഒരു ഹദീഥിൽ ഇപ്രകാരം കാണാം: ഒരു ഗ്രാമീണൻ നബി(സ്വ)യുടെ അടുക്കൽ വന്ന് ചോദിച്ചു: 'താങ്കൾ കുട്ടികളെ ചുംബിക്കാറുണ്ടോ? ഞങ്ങൾ അങ്ങനെ ചെയ്യാറില്ല.' അപ്പോൾ നബിﷺ അദ്ദേഹത്തോട് ചോദിച്ചത് 'അല്ലാഹു കാരുണ്യം നിന്റെ മനസ്സിൽ നിന്ന് ഊരിക്കളഞ്ഞതിന് ഞാനെന്ത് ചെയ്യും' എന്നാണ്. (അദബുൽ മുഫ്‌റദ്, ബുഖാരി).

ബുഖാരിയും മുസ്‌ലിമും ഉസാമ رضي الله عنه വിൽ നിന്ന് നിവേദനം ചെയ്യുന്ന ഹദീഥിൽ കാണാം: പേരക്കുട്ടിയുടെ മരണവാർത്ത കേട്ട് എത്തിയ പ്രവാചകൻﷺ അനുചരന്മാർക്കിടയിൽ വെച്ച് കുഞ്ഞിന്റെ മയ്യിത്തെടുത്ത് മടിയിൽ വെച്ചപ്പോൾ ചാഞ്ചല്യപ്പെടുകയും കണ്ണുനീർ പൊഴിക്കുകയും ചെയ്തു. അപ്പോൾ സഅ്ദ് رضي الله عنه ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, എന്താണിത്?' (താങ്കൾ കരയുകയോ?!) അപ്പോൾ നബിﷺ പ്രതിവചിച്ചു: 'ഇത് കാരുണ്യമാണ്. അത് അല്ലാഹു തന്റെ ദാസൻമാരുടെ ഹൃദയത്തിൽ നിക്ഷേപിച്ചതാണ്.'

4. സന്താനങ്ങളുടെ ആൺ, പെൺ (ലിംഗ) തെരഞ്ഞെടുപ്പ് അല്ലാഹുവിന്റേതാണ്: മക്കൾ കൂടുതൽ ഉണ്ടാവണമെന്നും അവരിൽ കൂടുതൽ ആൺകുട്ടികളാവണമെന്നും മറ്റ് ചിലപ്പോൾ പെൺകുട്ടികളാവണമെന്നുമെല്ലാം രക്ഷിതാക്കൾ ആഗ്രഹിക്കാറുണ്ട്. അല്ലാഹു നമ്മെ പഠിപ്പിക്കുന്നത് ലിംഗ വ്യത്യാസം അല്ലാഹുവിന്റെ വിവേചനാധികാരത്തിൽ പെട്ടതാണെന്നും, ലിംഗമേതായാലും സന്താനങ്ങളെ അല്ലാഹുഏൽപിച്ച അമാനത്തായി സ്വീകരിക്കുകയാണ് വേണ്ടതെന്നുമാണ്.

"അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തികൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു'' (അശ്ശൂറ: 49,50).

മനുഷ്യർക്കിടയിൽ കാണുന്ന പെൺ വിവേചന പ്രവണത അന്ധകാര കാലത്തിന്റെ കാൽപാടുകളാണെന്നും, പെൺകുട്ടികൾ ഉണ്ടാകുന്നത് അപമാനമോ ആക്ഷേപകരമോ അല്ലെന്നും മറിച്ച് അത് ഗുണകരവും രക്ഷയും അനുഗ്രഹവുമാണെന്നുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. പെൺകുഞ്ഞുങ്ങളുടെ ജനനം അപമാനമായും കുറച്ചിലായും കാണുന്ന സാമൂഹ്യബോധം അജ്ഞാന യുഗത്തിലെ ഇരുട്ടിന്റെ ഭാഗമാണ്; അത് എത്ര ആധുനികതയുടെ പുറം ചട്ടക്കുള്ളിലാണെങ്കിലും! മക്കയിലെ അപരിഷ്‌കൃതരും അവിവേകളുമായ പിതാക്കളുടെ നിലപാടിനെ വിമർശിച്ച് കൊണ്ട് അല്ലാഹു പറയുന്നു:

"അവരിൽ ഒരാൾക്ക് ഒരു പെൺകുഞ്ഞുണ്ടായ സന്തോഷവാർത്ത നൽകപ്പെട്ടാൽ കോപാകുലനായിട്ട് അവന്റെ മുഖം കറുത്തിരുണ്ട് പോകുന്നു. അവന്ന് സന്തോഷവാർത്ത നൽകപ്പെട്ട ആ കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽ നിന്ന് അവൻ ഒളിച്ച് കളയുന്നു. അപമാനത്തോടെ അതിനെ വെച്ചുകൊണ്ടിരിക്കണമോ, അതല്ല, അതിനെ മണ്ണിൽ കുഴിച്ച് മൂടണമോ (എന്നതായിരിക്കും അവന്റെ ചിന്ത). ശ്രദ്ധിക്കുക: അവർ എടുക്കുന്ന തീരുമാനം എത്ര മോശം!'' (അന്നഹ്ൽ 58,59).

എന്നാൽ ഈ മ്ലേഛബോധത്തിന്റെ ചില കറുത്ത പാടുകൾ ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. പെൺകുട്ടികളുണ്ടാകുന്നതിന്റെ ഗുണത്തെ കുറിച്ചും അവരെ നന്നായി വളർത്തിയാൽ ലഭിക്കുന്ന പ്രതിഫലത്തെ കുറിച്ചും നബിﷺ പറഞ്ഞത് ഏറെ ശ്രദ്ധേയമാണ്.

അനസ് ബ്‌നു മാലിക് رضي الله عنه നിവേദനം, നബിﷺ പറഞ്ഞു: "ഒരാൾ തന്റെ രണ്ട് പെൺകുട്ടികളെ പ്രായപൂർത്തിയാകുന്നത് വരെ വളർത്തിയാൽ ഞാനും അവനും ഉയർത്തെഴുന്നേൽപിന്റെ നാളിൽ (വിരലുകൾ വളരെ ചേർത്ത് പിടിച്ച് കൊണ്ട് നബിﷺ പറഞ്ഞു) ഇപ്രകാരം (അടുത്തായിരിക്കും)'' (മുസ്‌ലിം).

ഉഖ്ബത്ത് ബിൻ ആമിർ رضي الله عنه നിവേദനം. നബി(സ്വ) പറഞ്ഞു: "ഒരാൾക്ക് മൂന്ന് പെൺമക്കളുണ്ടാവുകയും അവരുടെ കാര്യത്തിൽ ക്ഷമിക്കുകയും തന്റെ ധനത്തിൽ നിന്ന് വെള്ളവും വസ്ത്രവും നൽകുകയും ചെയ്താൽ അവർ അവന്ന് നരകത്തിൽ നിന്നുള്ള കവചമായി തീരും.'' (അഹ്മദ്). ●

നമുക്ക് ചുറ്റും

# യു.എ.ഇയും ഇന്ത്യൻ റിപ്പബ്ലിക്കും

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

**ഏ**റെ വർണശബളമായ റിപ്പബ്ലിക് ദിനാഘോഷത്തിനാണ് ഇത്തവണ ലോകം വിശിഷ്യാ ഇന്ത്യൻ ജനത സാക്ഷ്യം വഹിച്ചത്. അബൂദാബി കിരീടാവകാശി ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്‌യാൻ മുഖ്യാതിഥിയായി എത്തിയപ്പോൾ ഇന്ദ്രപ്രസ്ഥം അന്താരാഷ്ട്ര തലങ്ങളിൽ ഏറെ തിളങ്ങിനിന്നു.

ആദ്യമായാണ് പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുക്കാൻ രാജ്യ തലവനല്ലാത്ത ഒരു വ്യക്തി പങ്കെടുക്കുന്നത്.(ശൈഖ് മുഹമ്മദ് ബിൻ സായിദ് പദവിയിൽ കീരീടാവകാശിയാണെങ്കിലും കർമത്തിൽ ഭരണാധികാരി തന്നെയാണെന്നത് മറ്റൊരു കാര്യം).

ഇന്ത്യയും യു.എ.ഇയും പതിറ്റാണ്ടുകളായി തുടരുന്ന ഉഭയകക്ഷി ബന്ധത്തിന്റെ ചൂടും ചൂരും ഇത്തരം നീക്കങ്ങളിൽ നിന്ന് ഏറെ വ്യക്തമാണ്. ചരിത്രത്തിന്റെ ചുമരെഴുത്തുകൾ വായിക്കാൻ അൽപം പുറകോട്ട് പോയാൽ മതി, ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ ഊഷ്മളത ആർക്കും ബോധ്യപ്പെടും. 1974 മെയ് മാസത്തിൽ യു.എ.ഇയുടെ പ്രഥമ പ്രസിഡന്റ് ശൈഖ് സായിദ് നടത്തിയ ഇന്ത്യാ സന്ദർശനം ഏറെ കോളിളക്കം സൃഷ്ടിച്ചതായിരുന്നു. രാജ്യം നടത്തിയ ആണവായുധ പരീക്ഷണത്തിന്റെ പശ്ചാതലത്തിൽ ലോക രാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യ ഒറ്റപ്പെട്ട് നിൽക്കുന്ന സാഹചര്യത്തിലാണ് എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചുകൊണ്ട് യു.എ.ഇ ഭരണകൂടം ഇന്ത്യയെ പിന്തുണക്കാൻ തയ്യാറായത്. അന്നു തുടങ്ങിയ ബന്ധം കൂടുതൽ ആരോഗ്യകരമാകാൻ പ്രവാസി വ്യവസായികളുടെയും തൊഴിലാളികളുടെയും പ്രവാഹം ഗണനീയമായി സഹായിച്ചിട്ടുണ്ട്.

42 വർഷം മുമ്പ് പിതാവ് തുടങ്ങി വെച്ച പൈതൃകത്തിന്റെ പിന്തുടർച്ചയാണ് പുത്രൻ ശൈഖ് മുഹമ്മദിലൂടെ യാഥാർഥ്യമാകുന്നത്. മന്ത്രിമാർ മുതൽ സൈനികർ വരെയുള്ള വിവിധ തുറകളിലുള്ളവരുടെ പ്രതിനിധി സംഘമാണ് ഇത്തവണ റിപ്പബ്ലിക് ദിന പരിപാടിയിൽ പങ്കെടുക്കാൻ ദില്ലിയിലെത്തിയത്. ശിഹാബ് ഗാനിം, നാസിർ ദാഹിരി തുടങ്ങിയ എഴുത്തുകാരുടെ സാന്നിധ്യം പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്.

> **രാജ്യം നടത്തിയ ആണവായുധ പരീക്ഷണത്തിന്റെ പശ്ചാതലത്തിൽ ലോക രാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യ ഒറ്റപ്പെട്ട് നിൽക്കുന്ന സാഹചര്യത്തിലാണ് എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചുകൊണ്ട് യു.എ.ഇ ഭരണകൂടം ഇന്ത്യയെ പിന്തുണക്കാൻ തയ്യാറായത്. അന്നു തുടങ്ങിയ ബന്ധം കൂടുതൽ ആരോഗ്യകരമാകാൻ പ്രവാസി വ്യവസായികളുടെയും തൊഴിലാളികളുടെയും പ്രവാഹം ഗണനീയമായി സഹായിച്ചിട്ടുണ്ട്.**

യു.എ.ഇ ഭരണാധികാരിയുടെ ഇന്ത്യാ സന്ദർശനം തന്ത്രപ്രധാനമായ നാല് മേഖലകളിൽ ശക്തമായ സ്വാധീനം ചെലുത്തുമെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. വ്യവസായം, ഊർജ സംരക്ഷണം, പ്രതിരോധം, പ്രവാസി ക്ഷേമം തുടങ്ങിയ തലങ്ങളിൽ പരസ്പര സഹകരണവും വിനിമയവും ശക്തിപ്പെടുത്താൻ ഇതര രാജ്യങ്ങളും കൂടുതൽ കരുക്കൾ നീക്കിത്തുടങ്ങുമെന്നുറപ്പാണ്.

വ്യാവസായിക മേഖലയിൽ ശക്തമായ ആദാന പ്രദാന രീതി ഇന്ത്യക്കും യു.എ.ഇക്കുമിടയിൽ നില നിൽക്കുന്നുണ്ട്. ചൈനയും അമേരിക്കയും കഴിഞ്ഞാൽ ഇന്ത്യയുടെ ഏറ്റവും വലിയ മൂന്നാമത്തെ വാണിജ്യ പങ്കാളിയാണ് യുണൈറ്റഡ് അറബ് എമിറേറ്റ്സ്.

ഇന്ത്യൻ ഉൽപന്നങ്ങളുടെ കയറ്റുമതി ഇനത്തിൽ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ രാജ്യമാണ് യു.എ.ഇ. 30 ബില്യൺ ഡോളറാണ് 2015-16 സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ കയറ്റുമതി വരുമാനം. ഇന്ത്യയുടെ പങ്ക് അവഗണിച്ചു കൊണ്ട് വ്യാവസായിക മേഖലയിൽ മുന്നോട്ട് പോകാൻ എമിറേറ്റ്സിനും കഴിയില്ല. യു.എ.ഇയുടെ ശക്തരായ രണ്ടാമത്തെ വ്യാവസായിക പങ്കാളിയാണ് ഇന്ത്യ. 2015ൽ 28 ബില്യൺ ഡോളറാണ് ഈ ഇനത്തിൽ യു.എ.ഇയുടെ വരുമാനം. 22 ലക്ഷത്തോളം വരുന്ന ഇന്ത്യൻ പ്രവാസികൾ ഈ സന്ദർശനത്തെ വാനോളമുയരുന്ന പ്രതീക്ഷകളോടെയാണ് നോക്കിക്കാണുന്നത്. സമഗ്രമായ സാമ്പത്തിക പരിഷ്കരണവും എണ്ണ മേഖലയിലെ പ്രതിസന്ധിയും മൂലം പിരിച്ചുവിടൽ ഭീഷണി നേരിടുന്ന ഇന്ത്യക്കാർക്ക് നേരിയ ആശ്വാസം കണ്ടു തുടങ്ങുന്നുണ്ട്. നിയമ നടപടികൾക്ക് വിധേയമായി വർഷങ്ങളായി പുറംലോകം കാണാതെ ജീവിക്കുന്നവരുടെ കാര്യത്തിലും അനുകൂലമായ നീക്കങ്ങൾ നടത്താൻ കഴിഞ്ഞില്ലെങ്കിൽ ഇത്തരം നയതന്ത്ര നീക്കങ്ങൾ മഹാ നഷ്ടമായിരിക്കും.

സർക്കാർ ചെലവിൽ സഹിഷ്ണുത ഉന്മൂലനം ചെയ്ത് മുസ്‌ലിംകളാദി ന്യൂനപക്ഷങ്ങളെ വേട്ടയാടി ഹരം കൊള്ളുന്ന ഭരണാധികാരികളുള്ള നാട്ടിലേക്ക് ഒരു

## അഭയാർഥി വിലക്ക്; അമേരിക്കൻ തീരുമാനം മനുഷ്യാവകാശ ലംഘനം: മുജാഹിദ് സംസ്ഥാനതല ഓറിയന്റേഷൻ ക്യാമ്പ്

കോഴിക്കോട്: ഏഴു മുസ്‌ലിം രാജ്യങ്ങൾക്കും അഭയാർഥികൾക്കും വിലക്ക് ഏർപെടുത്തിക്കൊണ്ടുള്ള അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഉത്തരവ് അമേരിക്കൻ കുടിയേറ്റ നിയമങ്ങൾക്ക് കടകവിരുദ്ധവും മനുഷ്യാവകാശ ലംഘനവുമാണെന്ന് കോഴിക്കോട് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ സംഘടിപ്പിച്ച മുജാഹിദ് സംസ്ഥാന ക്യാമ്പ് അഭിപ്രായപ്പെട്ടു.

ലോകത്തുടനീളം അശാന്തിയും അഭ്യന്തര കലഹവും നിലനിൽക്കുന്ന സാഹചര്യത്തിൽ പിന്തുണയും കൈത്താങ്ങുംവേണ്ട സമൂഹത്തെ വീണ്ടും കുരുതികൊടുക്കാൻ മാത്രമാണ് ട്രംപിന്റെ ഉത്തരവ് സഹായിക്കുക.

അതേസമയം അഭയാർഥികൾക്കുവേണ്ടി അമേരിക്കൻ സിവിൽ ലിബർട്ടീസ് യൂണിയൻ നൽകിയ ഹർജി പരിഗണിച്ച് ട്രംപിന്റെ നടപടി താൽക്കാലികമായി സ്‌റ്റേ ചെയ്ത യു. എസ് ഫെഡറൽ കോടതിയുടെ നടപടി സ്വാഗതാർഹമാണെന്നും പ്രസ്തുത വിധി രാജ്യത്തിന് മൊത്തത്തിൽ ബാധകമാക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

നേർപഥം വാരികയുടെ വെബ്‌സൈറ്റ് ലോഞ്ചിംഗ് എം.കെ രാഘവൻ എം.പി നിർവ്വഹിച്ചു.

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ വൈസ്ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ജനഃസെക്രട്ടറി ടി.കെ അശ്‌റഫ്, അബൂബക്കർ സലഫി, ഹാരിസുബ്നു സലീം, നാസിർ ബാലുശ്ശേരി, ഫൈസൽ മൗലവി പുതുപ്പറമ്പ്, ഹുസൈൻ കാവനൂർ, ഐ.എസ്.എം ജനഃസെക്രട്ടറി കെ.സജ്ജാദ്, എം.എസ്.എം പ്രസിഡന്റ് മുനവ്വിർ സ്വലാഹി, റശീദ് മാസ്റ്റർ കാരപ്പുറം, പി.വി ജലീൽ ഒതായി, ജമാൽ കൊയിലാണ്ടി, വി.ടി ബഷീർ കോഴിക്കോട്, മുജീബുല്ല അൻസാരി, ഡോ. ഷാനവാസ് പറവണ്ണ, ഹംസ കുട്ടി സലഫി എന്നിവർ പ്രസംഗിച്ചു.

## ചലനങ്ങൾ

### എം. എസ്. എം പ്രൊഫ്കോൺ കൺവെൻഷൻ

മണ്ണാർക്കാട്: എം.എസ്.എം മാർച്ച് 10, 11, 12 തീയതികളിൽ പാലക്കാട്ടുവെച്ച് നടത്താനിരിക്കുന്ന പ്രൊഫ്കോണിന്റെ ഭാഗമായുള്ള സംസ്ഥാന കൺവെൻഷൻ മണ്ണാർക്കാട്ടുവെച്ച് നടന്നു.

എം.എസ്.എം സംസ്ഥാന പ്രസിഡന്റ് മുനവ്വർ സ്വലാഹി ഉദ്ഘാടനം ചെയ്തു. മുജാഹിദ് ദഅ്‌വ സമിതി ജില്ല കൺവീനർ റഷീദ് കൊടക്കാട്ട് ആധ്യക്ഷ്യം വഹിച്ചു. പ്രൊഫ്കോൺ ജനറൽ കൺവീനർ സി.എം അബ്ദുൽ ഖാലിക്, എം.എസ്.എം സംസ്ഥാന വൈസ് പ്രസിഡന്റ് പി.പി നസീഫ്, സംസ്ഥാന സെക്രട്ടറി ഇൻഷാദ് സ്വലാഹി, ഐ.എസ്.എം സംസ്ഥാന സെക്രട്ടറി പി.യു സുഹൈൽ എന്നിവർ സംസാരിച്ചു.

---

മുസ്‌ലിം ഭരണാധികാരയെ ചുവന്ന പരവതാനി വിരിച്ച് സ്വീകരിച്ചാനയിക്കുന്നിടത്ത് ചില വ്യാകരണപ്പിശകുകൾ തെളിഞ്ഞു കാണുന്നുണ്ട്. ഗുജറാത്തിലെ മനുഷ്യഹത്യയുടെ മഷ്തിഷ്കങ്ങളായി പ്രവർത്തിച്ച അധികാരികൾ മൗലികമായ ചില തിരുത്തലുകൾക്ക് തയ്യാറായില്ലെങ്കിൽ ഇത്തരം ഇടപാടുകൾക്ക് അൽപായുസ്സ് മാത്രമെ ഉണ്ടാവുകയുള്ളൂ എന്ന് തിരിച്ചറിയേണ്ടതുണ്ട്.

2015 ആഗസ്റ്റ് മാസത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ യു.എ.ഇ സന്ദർശനവും അതിനു ശേഷം 2016 ഫെബ്രുവരിയിൽ യു.എ.ഇ കിരീടാവകാശിയുടെ ഭാരത പര്യടനവും അന്താരാഷ്ട്ര തലത്തിൽ ആന്ദോളനം സൃഷ്ടിച്ചതിന്റെ തുടർച്ച തന്നെയാണ് റിപ്പബ്ലിക് ദിനാഘോഷ പരിപാടിക്ക് പകിട്ട് പകർന്നത്. യു.എ.ഇ കിരീടാവകാശി ഇന്ത്യയിൽ വൈവിധ്യങ്ങൾ നിലനിർത്തിക്കൊണ്ടുള്ള ഐക്യം ഊന്നിപ്പറഞ്ഞു കൊണ്ടാണ് റിപ്പബ്ലിക് ദിനത്തിൽ ടിറ്റർ സന്ദേശമയച്ചത്.

ദേശീയതയെയും ദേശസ്നഹത്തെയും ഏകശിലാരൂപമാക്കി പ്രതിഷ്ഠിക്കാനുള്ള സംഘ്പരിവാർ നീക്കങ്ങൾക്കെതിരെ പറയാതെ ചില വിയോജിപ്പുകൾ പറഞ്ഞു വെക്കുകയായിരുന്നു ശൈഖ് മുഹമ്മദ് എന്നു വേണം അനുമാനിക്കാൻ. മുസ്‌ലിം വിരുദ്ധ നടപടികളുമായി മുന്നോട്ട് പോയാൽ ഇരു രാജ്യങ്ങൾക്കുമിടയിലുള്ള നയതന്ത്ര ബന്ധങ്ങൾക്ക് ഉലച്ചിൽ സംഭവിക്കുമെന്നതിന് ചരിത്ര സാക്ഷ്യങ്ങൾ നിരവധിയുണ്ട്.

1992ൽ ബാബരി മസ്ജിദ് തകർക്കപ്പെട്ട സമയത്ത് യു.എ.ഇ ഭരണകൂടം സ്വീകരിച്ച കടുത്ത നിലപാടുകൾ കൂടി ചേർത്തുവെച്ചുകൊണ്ട് വേണം ഇന്ത്യ-യു.എ.ഇ ബാന്ധവം വിശകലനത്തിന് വിധേയമാക്കാൻ. ബാബ്‌രി മസ്ജിദ് ധ്വംസനത്തെ അവർ ശക്തമായി അപലപിച്ചു എന്ന് മാത്രമല്ല, നേരത്തെ തീരുമാനിച്ചുറപ്പിച്ച യു.എ.ഇ സന്ദർശനത്തിൽ നിന്ന് അന്നത്തെ പ്രധാനമന്ത്രി നരസിംഹ റാവുവിന് പിൻമാറേണ്ടി വരികയും ചെയ്തു എന്നത് വലിയ സന്ദേശമാണ് അന്ന് ഇന്ത്യക്ക് നൽകിയത്.

വില കൂടിയ വസ്ത്രം കൊണ്ടും കോർപ്പറേറ്റുകൾ സ്പോൺസർ ചെയ്യുന്ന സ്‌റ്റേജ് ഷോകൾ കൊണ്ടും മോടി കൂട്ടാൻ കഴിയുന്നതല്ല രാജ്യത്തിന്റെയും ഭരണാധികാരികളുടെയും പ്രതിഛായ എന്ന് അധികം വൈകാതെ തിരിച്ചറിഞ്ഞ് യാഥാർഥ്യ ബോധം ഉൾക്കൊള്ളാൻ കഴിഞ്ഞാൽ സാമ്പത്തിക, വാണിജ്യ മേഖലകളിലും സാംസ്കാരിക, സാഹിത്യ രംഗങ്ങളിലും വിപ്ലവാത്മകമായ കുതിച്ചു ചാട്ടം നടത്താൻ നമ്മുടെ നാടിന് കഴിയുമെന്നതിൽ സംശയമില്ല.

**ശമീർ മദീനി**
shameermadeeni@gmail.com

# ഉറക്കം: ദൃഷ്ടാന്തവും അനുഗ്രഹവും

**"രാത്രിയും പകലും നിങ്ങൾ ഉറങ്ങുന്നതും അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ ഉപജീവനം തേടുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ കേട്ടുമനസ്സിലാക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്"– ക്വുർആൻ 30:23.**

ഉറക്കം മനുഷ്യന് വിശ്രമവും ആശ്വാസവുമാണ്. കോടികളുടെ ആസ്തിയുള്ള ധനികർക്കും രാജ്യം ഭരിക്കുന്ന രാജാക്കന്മാർക്കും രാഷ്ട്രത്തലവന്മാർക്കുമൊക്കെ സ്വസ്ഥമായി ഉറങ്ങാൻ കഴിയാതെ വരികയും ഉറങ്ങാനായി ഉറക്കഗുളികകളെ ആശ്രയിക്കേണ്ടിവരികയും ചെയ്യേണ്ട സ്ഥിതി വന്നാൽ...? വല്ലാത്തൊരു അവസ്ഥയായിരിക്കുമത്. സമ്പത്തും അധികാരവും പാറാവുകാരുമൊന്നും ആശ്വാസം നൽകാത്ത വല്ലാത്തൊരവസ്ഥ. ശീതീകരിച്ച മുറികളും മൃദുലമായ വിരിപ്പുകളുമൊക്കെയുണ്ടായിട്ടും അവയിൽ തിരിഞ്ഞുമറിഞ്ഞ് സമയം തള്ളിനീക്കുന്ന ഒരാളുടെ മാനസികസംഘർഷം വിവരണാതീതമാണ്. ഭൗതികതയല്ല സമാധാനത്തിന്റെ ഹേതുവെന്ന് അത് നമ്മോട് പറയുന്നുണ്ട്.

സ്വന്തമായി കിടപ്പാടമില്ലാത്തവർ, ആരുടെയോ ഷട്ടറിട്ട കടവരാന്തയിൽ ചാക്കും പേപ്പറും വിരിച്ച് കിടന്ന് മിനുട്ടുകൾക്കകം കൂർക്കംവലിച്ചുറങ്ങുന്ന മറ്റൊരു കൂട്ടർ! കൊതുകുകളുടെ കുത്തും ചുമരുകളുടെ അഭാവവും അവർക്ക് തടസ്സമാകുന്നില്ല. ശീതീകരിച്ച മുറികളും പട്ടുമെത്തയുമൊന്നും അവർക്കാവശ്യമില്ല.

ഒരിക്കൽ ഖലീഫ ഉമർ(റ)വിനെ അന്വേഷിച്ച് റോമൻ ചക്രവർത്തി വരുമ്പോൾ വൃക്ഷച്ചുവട്ടിൽ സ്വസ്ഥനായി വിശ്രമിക്കുന്ന ഖലീഫയെയാണ് അയാൾക്ക് കാണാൻകഴിഞ്ഞത്. തന്റെ കണ്ണുകളെ അയാൾക്ക് വിശ്വസിക്കാനായില്ല. അവസാനം അത്ഭുതത്തോടെ അയാൾ പറഞ്ഞു: "ഉമർ, താങ്കൾ നീതി പാലിച്ചു. അതിനാൽ നിങ്ങൾക്ക് ഉറങ്ങാൻ സാധിക്കുന്നു."

ഉറക്കമെന്നത് വല്ലാത്തൊരനുഗ്രഹമാണ്. പക്ഷേ, അതിന്റെ അഭാവത്തിലേ അതിന്റെ വിലയറിയാനാകൂ. പടച്ചവന്റെ മഹത്തായ അനുഗ്രഹങ്ങളെ സൂചിപ്പിച്ച പല സന്ദർഭങ്ങളിലും ഉറക്കമെന്ന അനുഗ്രഹത്തെ ക്വുർആൻ പ്രത്യേകം പരാമർശിച്ചത് ശ്രദ്ധേയമാണ്. (ഉദാഹരണത്തിന് 25:47, 78:9).

രോഗകാഠിന്യം കൊണ്ടും ശക്തമായ വേദനകൾ കൊണ്ടും പട്ടിണി കൊണ്ടുമൊക്കെ ഉറക്കം കിട്ടാതെ രാത്രികൾ തള്ളിനീക്കുന്ന പലരും നമുക്ക് ചുറ്റുമുണ്ടെന്നത് നാം മറക്കാതിരിക്കുക. ശത്രുക്കളുടെ തടവറയിൽ ഭയന്ന് കഴിയുന്ന നിദ്രാവിഹീനന്റെ മുഖഭാവമൊന്നോർത്തുനോക്കൂ. ഇങ്ങനെ എത്രയെത്രയാളുകൾ... ഉറക്കിന്റെ ഇളംതെന്നലിനായി കൊതിക്കുന്നവർ.

ആരാണ് ഉറക്കം എന്ന ഈ അത്ഭുതാവഹമായ പ്രതിഭാസം നമുക്ക് സംവിധാനിച്ച് വിശ്രമവും ആശ്വാസവും കനിഞ്ഞേകിയത്? നാം ചിന്തിച്ചിട്ടുണ്ടോ? ആധുനികശാസ്ത്രത്തിന് പോലും കൃത്യമായി ഒരു വിശദീകരണം നൽകാൻ കഴിയാത്ത ഒരു സമസ്യയായി ഉറക്കം ഇന്നും തുടരുകയാണ്. അല്ലാഹു പറയുന്നു: "അവനത്രെ നിങ്ങൾക്ക് വേണ്ടി രാത്രിയെ ഒരു വസ്ത്രവും ഉറക്കത്തെ ഒരു വിശ്രമവും ആക്കിത്തന്നവൻ. പകലിനെ അവൻ എഴുന്നേൽപ് സമയമാക്കുകയും ചെയ്തിരിക്കുന്നു"(25:47).

ഈ അനുഗ്രഹത്തിന് മനസ്സറിഞ്ഞ് നാം നന്ദികാണിക്കാറുണ്ടോ? ഉറക്കവുമായി ബന്ധപ്പെട്ട് അല്ലാഹുവും പ്രവാചകനും പഠിപ്പിച്ച മര്യാദകൾ പാലിക്കാൻ ഇത്തരം ചിന്തകൾ വിശ്വാസികളെ പ്രചോദിതമാക്കും.

അപ്രകാരം തന്നെ ആ ഉറക്കം ഒരുപക്ഷേ, നമ്മുടെ അന്ത്യവുമായേക്കാം. അത്തരത്തിലുള്ള ഒരുപാട് വാർത്തകൾ നാം കേൾക്കുകയും ചെയ്തിട്ടുണ്ട്. അതിലേക്ക് സൂചിപ്പിച്ചു കൊണ്ട് അല്ലാഹു പറയുന്നു:

"ആത്മാവുകളെ അവയുടെ മരണവേളയിൽ അല്ലാഹു പൂർണമായി ഏറ്റെടുക്കുന്നു; മരണപ്പെടാത്തവയെ അവയുടെ ഉറക്കത്തിലും. എന്നിട്ട് ഏതൊക്കെ ആത്മാവിന് അവൻ മരണം വിധിച്ചിരിക്കുന്നുവോ അവയെ അവൻ പിടിച്ചുവെക്കുന്നു. മറ്റുള്ളവയെ നിശ്ചിതമായ ഒരു അവധിവരെ അവൻ വിട്ടയക്കുകയും ചെയ്യുന്നു. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്"(39:42).




peaceradio
Tune to reality

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 04 February 2017

Reg NO: KL/CT/225/2016-18
Price: ₹ 10/-




ഇന്ത്യയിലെ എല്ലാ മികച്ച ബ്രാൻഡുകളുടെ ഗൃഹോപകരണങ്ങൾ,ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ,
മൊബൈൽ ഫോണുകൾ,ലാപ്ടോപ്പുകൾ,ക്യാമറകൾ തുടങ്ങിയവ വാറണ്ടിയോടൊപ്പം കേരളത്തിലെ
നിങ്ങളുടെ വീടുകളിൽ എത്തിക്കുന്നു..ഗൾഫ് മലയാളികൾക്കായുള്ള വെൽക്കം ഗ്രൂപ്പിന്റെ നൂതന സംരംഭം..

കേരള trobone
kerala.trobone.com

Visit us at
**kerala.trobone.com**
Helpdesk(Kerala) : +917593888855
Helpdesk(Dubai) : +97142288767

a division of trobone.com